# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1494/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 18/01/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1494/22 തീയ്യതി: 18/01/2023

## കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-04-2022 മുതൽ 09-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 11-04-2022 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജിലൻ.എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2022 | 21-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-10-2022 | 21-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീമതി.ഉഷ.എ -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ആൽബർട്ട് ജോസ് -സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.സുമതി.ടി.ഒ -സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.ടി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.അനിൽ രാമകൃഷ്ണൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷംസുദ്ദീൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 19-04-2021 |
| ശ്രീമതി.അപർണ്ണ.കെ.എ | അസിസ്റ്റന്റ് സെക്രട്ടറി | 20-04-2021 | 20-04-2021 |
| ശ്രീ.ഷംസുദ്ദീൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 21-04-2021 | 11-07-2021 |
| ശ്രീമതി.രജനി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 12-07-2021 | 31-03-2022 |
| ശ്രീമതി.ജീജ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 30-04-2021 |
| ശ്രീ.ജോമോൻ പൗലോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-05-2021 | 31-03-2022 |
| ശ്രീ.ജോർജ്ജ്.കെ.ജെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഷാജീവൻ.പി | വിഇഒ(മുഴക്കുന്ന് സർക്കിൾ) | 01-04-2021 | 03-10-2021 |
| ശ്രീ.ഷാജി.കെ | വി ഇ ഒ (മുഴക്കുന്ന് സർക്കിൾ) | 04-10-2021 | 31-03-2022 |
| ശ്രീ.പ്രജീഷ് കാരാന്നോൻ | വി ഇ ഒ (കാക്കയങ്ങാട് സർക്കിൾ) | 01-04-2021 | 31-12-2021 |
| ശ്രീ.ഷാജി.കെ | വി ഇ ഒ (കാക്കയങ്ങാട് സർക്കിൾ) | 01-01-2022 | 31-03-2022 |
| ഡോ.പ്രശാന്ത്.പി | മെഡിക്കൽ ഓഫീസർ(പി എച്ച് സി ) | 01-04-2021 | 31-03-2022 |
| ഡോ.ലിഷ മോൾ .കെ.എസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) ) | 01-04-2021 | 31-03-2022 |
| ഡോ.മനോജ് കുമാർ. ടി.ജി | മെഡിക്കൽ ഓഫീസർ(ഹോമിയോ)) | 01-04-2021 | 31-03-2022 |
| ഡോ.സിന്ധു.പി | വെറ്റിനറി സർജൻ | 01-04-2021 | 03-08-2021 |
| ഡോ.ശരത്.ടി | വെറ്റിനറി സർജൻ | 04-08-2021 | 09-11-2021 |
| ഡോ.നവാസ് ഷരീഫ് | വെറ്റിനറി സർജൻ | 10-11-2021 | 31-03-2022 |
| ശ്രീമതി.ആശാലത.പി.വി | ഐ സി ഡി എസ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീ.ഉസ്മാൻ പള്ളിപ്പാത്ത് | ഹെഡ്മാസ്റ്റർ | 01-04-2021 | 09-12-2021 |
| ശ്രീമതി.ബീന.എൻ.എസ് | ഹെഡ്മിസ്ട്രസ്സ് | 10-12-2021 | 31-03-2022 |
| ശ്രീമതി.റിൻഷ.സി | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഷാജി.സി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാ**ർ**ഷിക കണക്കിലെ അപാകങ്ങ**ൾ** | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതിഅവലോകനം- | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | **ക്ഷേമപദ്ധതികൾ** | 1-7 |
| 9 | സാമൂഹ്യസുരക്ഷ പെൻഷൻ മരണാനന്തരവും നൽകുന്നു | 1-7-1 |
| 10 | തൊഴിൽ രഹിത വേതനം തൊഴിലുറപ്പ് പദ്ധതികൾ പ്രയോജനപ്പെടുത്തേണ്ടത് | 1-7-2 |
| 11 | കേഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | ഗ്രാമ സഭ | 1-10 |
| 14 | ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിലെ കാലതാമസം. | 1-11 |
| 15 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 16 | ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറിയുടെ വാടക വർദ്ധനവ് വരുത്തിയിട്ടില്ല | 1-13 |
| 17 | ആംബുലൻസ് വാടക -രശീതി ഉപയോഗത്തിലെ അപാകത | 1-14 |
| 18 | സർക്കാർ ഉത്തരവ് പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-15 |
| 19 | ഡെഫേർഡ് സാലറി-സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-16 |
| 20 | ഇൻഫർമേഷൻ കേരളമിഷന് തുക നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-17 |
| 21 | ഓൺലൈൻ വിദ്യാസഹായി-കാര്യകാരണസഹിതമുള്ള റിപ്പോർട്ട് രേഖപ്പെടുത്താതെ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചു. ₹9950 നിരാകരിക്കുന്നു | 1-18 |
| 22 | ബാറ്ററി ഓപ്പറേറ്റഡ് മുച്ചക്ര വാഹനം വാങ്ങൽ ജി എസ് ടി ടി ഡി എസ് ഈടാക്കിയിട്ടില്ല | 1-19 |
| 23 | വയോജന വിശ്രമകേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ രേഖകൾ ഹാജരാക്കാത്തത്- ₹4772 നിരാകരിക്കുന്നു. ₹66481 തടസ്സപ്പെടുത്തുന്നു. | 1-20 |

| | | |
|---|---|---|
| 24 | പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ പ്രവർത്തനം | 1-21 |
| 25 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-22 |
| 26 | തേനീച്ച വളർത്തൽ -രേഖകളുടെ അഭാവത്തിൽ 14400 തടസ്സപ്പെടുത്തുന്നു. | 1-23 |
| 27 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട--മാർഗ്ഗരേഖയിലെ വ്യവസ്ഥ പാലിക്കേണ്ടതാണ്. | 1-24 |
| 28 | ലൈഫ് ഭവന നിർമ്മാണം അഡീഷണൽ ലിസ്റ്റ്(പട്ടിക വർഗ്ഗം) - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-25 |
| 29 | സാന്ത്വന പരിചരണം - മുഴുവൻ ഉപകരണങ്ങളും ലഭിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല- ₹ 43,729 തടസ്സപ്പെടുത്തുന്നു | 1-26 |
| 30 | പി.എച്ച്.സി ക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനായി അടിസ്ഥാന സൗകര്യം ഒരുക്കൽ- രേഖകൾ ഹാജരാക്കിയിട്ടില്ല-₹5,31,719 തടസ്സപ്പെടുത്തുന്നു | 1-27 |
| 31 | മുഴക്കുന്ന് പി.എച്ച്.സിയിൽ കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - രേഖകൾ ഹാജരാക്കിയിട്ടില്ല -₹24,293 തടസ്സപ്പെടുത്തുന്നു | 1-28 |
| 32 | പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ - രേഖകൾ ഹാജരാക്കിയിട്ടില്ല | 1-29 |
| 33 | ഗവ.ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-30 |
| 34 | ഗവ:സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങൽ -ടെണ്ടർ നിരക്കിലും അധികം നൽകി- ₹4,000 നിരാകരിക്കുന്നു | 1-31 |
| 35 | പാചകത്തിനുള്ള പാത്രങ്ങൾ വാങ്ങൽ- ജി എസ് ടി -ടി ഡി എസ് ഒടുക്കാത്തതും നിർവ്വഹണത്തിലെ അപാകങ്ങളും | 1-32 |
| 36 | ലാപ് ടോപ്പ് വാങ്ങൽ അപാകങ്ങൾ | 1-33 |
| 37 | തുടർ വിദ്യാഭ്യാസം -സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടത് | 1-34 |
| 38 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-നിർവഹണത്തിലെ അപാകങ്ങൾ | 1-35 |
| 39 | ആസ്തി പരിപാലനം | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഓൺലൈൻ വിദ്യാസഹായി-കാര്യകാരണസഹിതമുള്ള റിപ്പോർട്ട് രേഖപ്പെടുത്താതെ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചു. ₹9950 നിരാകരിക്കുന്നു | 3-1 |
| 2 | ഗവ:സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങൽ -ടെണ്ടർ നിരക്കിലും അധികം നൽകി- ₹4,000 നിരാകരിക്കുന്നു | 3-2 |

| | | |
|---|---|---|
| 3 | വയോജന വിശ്രമകേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ രേഖകൾ ഹാജരാക്കാത്തത്- ₹4772 നിരാകരിക്കുന്നു. ₹66481 തടസ്സപ്പെടുത്തുന്നു. | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ്നടപടിവഴിഈടാക്കിയതുകയുടെവിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഭരണസമിതിയുടെ 18.2.2021 ലെ അജണ്ട 1- 58/2021 നമ്പർ തീരുമാന പ്രകാരം ബജറ്റും, 24.3.2022 ലെ അജണ്ട 1-58/2022 നമ്പർ തീരുമാന പ്രകാരം റിവൈസ്ഡ് ബജറ്റും അംഗീകരിച്ചു

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 6,11,396 | 1,45,64,160 |
| വരവ് | 13,32,41,000 | 21,81,95,000 |
| ആകെ | 13,38,52,396 | 23,27,59,160 |
| ചെലവ് | 13,20,33,000 | 22,11,13,059 |
| നീക്കിയിരിപ്പ് | 18,19,396 | 1,16,46,101 |

## 1-2 വാർഷിക ധനകാര്യ പത്രിക

മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 18.05.2022ലെ 83/2022നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 18.05.2022 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചതിൽ താഴെ വിവരിക്കുന്ന അപാകങ്ങൾ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്

വാർഷിക കണക്കിലെ അപാകങ്ങൾ

1. ആസ്തി, ഡിപ്രീസിയേഷൻ കാൽക്കുലേഷൻ ഷീറ്റുകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല

2. B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പുള്ള ഗുണഭോക്തൃ വിഹിതം ( ₹26,275) ഏത് പദ്ധതിക്കായി ശേഖരിച്ചതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

3. Schedule: B-11 Fixed Assets [Code No 410 & 411] 410710102 Movable Assets – Vehicles പ്രകാരം പഞ്ചായത്തിന്റെ ആസ്തിയായ ആംബുലൻസ് ന്റെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല

4. Schedule: B-7 Deposits Received [Code No 340] 340100103 Bidders' Earnest Money Deposit പ്രകാരം ബാലൻസ് തുക 99,100. രൂപയാണ് . എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ബാലൻസ് തുക 188300 രൂപയാണ്. വ്യത്യാസം എന്താണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

5. Schedule: B-9 Other Liabilities (Sundry Creditors) [Code No 350] 350200115 Recoveries Payable - Dues To Other Panchayats ബാധ്യതയായി രേഖപ്പെടുത്തിയ തുക 4000 രൂപ എന്താണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

6. Schedule: B-9 Other Liabilities (Sundry Creditors) [Code No 350] കോഡ് നമ്പർ 350200202 പ്രകാരം Recoveries Payable - Value Added Tax എന്ന ശീർഷകത്തിൽ 26,895.00 രൂപയും, കോഡ് നമ്പർ 350300103 Government And Other Dues Payable - Value Added Tax എന്ന ശീർഷകത്തിൽ ₹74,031.00 ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് ഏതൊക്കെ ഇനങ്ങളിൽ അടവാക്കാൻ ബാക്കി നിൽക്കുന്ന തുകകൾ ആണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

7. Schedule: B-9 Other Liabilities (Sundry Creditors) [Code No 350] 350800299 OtherLiabilities എന്ന ശീർഷകത്തിൽ 3,164,792.00 രൂപ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് ഏതൊക്കെ ഇനങ്ങളിൽ അടവാക്കാൻ ബാക്കി നിൽക്കുന്ന തുകകൾ ആണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

8. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3) (ഈ ചട്ടങ്ങൾ ബാധകമാക്കുന്ന ആദ്യ വർഷത്തിലൊഴികെ എല്ലാ വർഷങ്ങളിലും സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പെടുത്തേണ്ടതാണ്.) പ്രകാരമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല.

9. വാർഷിക കണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ ₹86,813.00 വരവുണ്ട്. എന്നാൽ Tender Forms രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

10 അഡ്വാൻസ് രജിസ്റ്റർ പൂർണമല്ല. B-18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

11. Schedule: B-18 Loans,advances And Deposits [Code 460] കോഡ് നമ്പർ 460100101 Festival Advance എന്ന ശീർഷകത്തിൽ 2,000.00 രൂപ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് ഏതൊക്കെ ഇനങ്ങളിൽ അടവാക്കാൻ ബാക്കി നിൽക്കുന്ന തുകകൾ ആണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

12. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ക്ലോസിങ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

13. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2021-22 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, ഹോണറേറിയം,വാഹന ഇന്ധനച്ചെലവ്,കരാർ ജീവനക്കാരുടെ ശമ്പളം എന്നിവയുടെ ബാധ്യത ചെലവുകളുടെ കുടിശ്ശിക ഉൾപ്പെടുത്തിയിട്ടില്ല.

14. Schedule: B-12 Investment- General Fund [Code 420]കോഡ് നമ്പർ 420400101-Investment-Preference Shares-5010ന്റെ ഷെയർ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

15. ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് B-2 Schedule ൽ - 60,076 ,B-17 Schedule ലും &40(b) ലും -60,152 ആണ്.വ്യത്യാസം വ്യക്തമാക്കിയിട്ടില്ല

16. ശുചിത്വ മിഷൻ ഫണ്ട്, ലൈഫ് മിഷൻ ഫണ്ട് വിനിയോഗം ഹാജരാക്കിയിട്ടില്ല

17. 2021-22 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 2,97,75,968.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,11,16,932.00 |
| ആകെ | 9,08,92,900.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,19,25,222.00 |
| നീക്കിയിരിപ്പ് | 1,89,67,678 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18,722 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,80,622 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നി രിപ്പ് | അലോട്ട് മെന്റ ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | | 1,61,01,800 | 1,61,01,800 | 1,49,39,000 | 11,62,800 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി | | | 6,49,100 | 6,49,100 | 5,15.762 | 1,33,338 |
| വികസനഫണ്ട് ടി എസ് പി | | | 31,51,300 | 31,51,300 | 28,45,483 | 3,05,817 |
| മെയിന്റനൻസ് റോഡ് | | | 62,91,000 | 62,91,000 | 37,50,613 | 25,40,387 |
| മെയിന്റനൻസ് നോൺറോഡ് | | | 56,42,054 | 56,42,054 | 36,60,104 | 19,81,950 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ -ബേസിക് | | | 31,98,938 | 31,98,938 | 28,35,736 | 3,63,202 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | | | 92,73,000 | 92,73,000 | 7,00,792 | 85,72,208 |
| ഐസിഡിഎസ് | | 1,64,819 | 9,59,706 | 11,24,525 | 6,18,146 | 5,06,379 |
| എസ് എസ് എ | | 5,71,050 | 16,591 | 5,87,641 | 0 | 5,87,641 |
| പൈക്ക | | 21,841 | 874 | 22,715 | 0 | 22715 |
| സാക്ഷരത | | 8,040 | 234 | 8274 | 0 | 8274 |
| കുടിവെള്ള ഗ്രാന്റ് | | 84829 | 0 | 84829 | 0 | 84829 |
| സ്പെസിഫിക് പർപ്പസ് (ലൈഫ് സ്റ്റേറ്റ് വിഹിതം ) | | 25,00,000* | 1483559 | 39,83,559 | 10,50,000+ 25,00,000 (തിരിച്ചടച്ചു) | 4,33,559 |
| എം സി എഫ് വരവ് | | | 800 | 800 | 0 | 800 |
| എം പി ഫണ്ട് | | | 81,821 | 81821 | 81821 | 0 |
| കില പരിശീലനം | | 133945 | 66,920 | 200865 | 66920 | 133945 |
| വെൽഫെയർ ബോഡിസ് | | 6856 | 199 | 7055 | 0 | 7055 |
| അങ്കണ വാടി ബോർഡ് സ്ഥാപിക്കൽ | | **60,000 | 2850 | 62850 | 59850 | 3000 |
| എംജിഎൻ ആർഇജിഎസ് | ഭരണചെലവ് | 16311 | 1507623 | 1523934.45 | 1521228.10 | 2706.35 |
| | തൊഴിലാളി കളുടെ കൂലി,സാധന സാമഗ്രികളുടെ ചെലവ് | 0 | 29361030 | 29361030 | 29361030 | 0 |

* 2020-21വർഷത്തെ വാർഷീക ധനകാര്യ പത്രിക സെക്യൂരിറ്റി ലോണിലാണ് ഉക ഉൾപ്പെടുത്തിയിട്ടുള്ളത്

** 2020-21വർഷത്തെ വാർഷീക ധനകാര്യ പത്രിക അദർ ലയബിലിറ്റിയിലാണ് ഉക ഉൾപ്പെടുത്തിയിരിക്കുന്നത്

ശുചിത്വ മിഷൻ ഫണ്ട് വിനിയോഗത്തിന്റെ കൃത്യമായ വിവരം ലഭ്യല്ലാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് കൃത്യമാക്കി ഹാജരാക്കേണ്ടതാണ്.

## 1-5 പദ്ധതിഅവലോകനം-

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയപദ്ധതികളുടെ എണ്ണം | ഭാഗികമായിനടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ചപ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 206 | 8,99,88,378 | 152 | 4,58,44,214 | 120 | 32 | 54 | 58 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗ സ്ഥരുടെ വിവരം | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി കളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 36,62,909 | 19 | 23,31,207 | 17 | 64 |
| 2 | വെറ്റിനറിസർജൻ | 28,90,000 | 8 | 21,76,382 | 7 | 75 |
| 3 | മെഡിക്കൽഓഫീസർ (പിഎച്ച്സി) | 24,86,192 | 7 | 22,54,767 | 7 | 91 |
| 4 | മെഡിക്കൽഓഫീസർ (ഹോമിയോ) | 4,00,000 | 1 | 4,00,000 | 1 | 100 |
| 5 | മെഡിക്കൽഓഫീസർ (ആയുർവേദം) | 4,00,000 | 1 | 4,00,000 | 1 | 100 |
| 6 | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ -കാക്കയങ്ങാട് | 86,25,000 | 12 | 55,45,000 | 12 | 64 |
| 7 | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ -മുഴക്കുന്ന് | 1,19,81,114 | 18 | 53,97,458 | 13 | 45 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 47,33,152 | 6 | 44,83,998 | 6 | 95 |
| 9 | സെക്രട്ടറി | 2,18,60,435 | 45 | 74,45,996 | 28 | 34 |
| 10 | അസിസ്റ്റന്റ്എഞ്ചിനീയർ | 2,47,46,326 | 61 | 99,03,082 | 34 | 40 |
| 11 | അസിസ്റ്റന്റ്സെക്രട്ടറി | 16,51,250 | 16 | 13,57,652 | 14 | 82 |
| 12 | ഹെഡ്മാസ്റ്റർ | 12,37,000 | 8 | 12,30,762 | 8 | 99 |
| 13 | ക്ഷീര വികസന ഓഫീസർ | 14,00,000 | 2 | 9,74,000 | 2 | 70 |
| 14 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 39,15,000 | 2 | 19,43,910 | 2 | 50 |
| | ആകെ | 8,99,88,378 | 206 | 4,58,44,214 | 152 | 51 |

## 1-6 തൊഴിലുറപ്പ് പദ്ധതി

### തൊഴിലുറപ്പ് പദ്ധതി 2021-22

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 16311.45 | 1055882 | 1072193.45 | 1069487 | 2706.35 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 29361030 | 29361030 | 29361030 | 0 |
| ആകെ | 16311.45 | 30773469 | 30789780 | 30787074 | 2706.35 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 62,59,200 | 326 |
| വിധവാപെൻഷൻ | 1,98,72,000 | 1035 |
| വാർദ്ധക്യകാലപെൻഷൻ | 3,93,60,000 | 2050 |
| ഭിന്ന ശേഷി പെൻഷൻ | 61,24,800 | 319 |
| 50 വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിതപെൻഷൻ | 13,24,800 | 69 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,40,000 | 8 |
| തൊഴിൽ രഹിത വേതനം | 22,200 | 21 |

## 1-7-1 സാമൂഹ്യസുരക്ഷ പെൻഷൻ മരണാനന്തരവും നൽകുന്നു

മരണ രജിസ്ട്രേഷൻ സമയത്ത് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം നൽകിയ ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ, താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | രജിസ്ട്രേഷൻ നം & തീയതി | മരണപ്പെട്ട തീയതി | പെൻഷൻ | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | രാജകൃഷ്ണൻ പി.എൻ | 431522152352 | 111730200470 | 32/21 Dt3.4.21 | 16.3.2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 4/21,5/21 |
| 2 | കൃഷ്ണൻനമ്പ്യാർ ടി | 256098598346 | 111730201131 | 55/21 Dt 1.7.21 | 5.6.21 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 10/21വരെ |
| 3 | മത്തായി എ.എ | 896452224003 | 111730200680 | 56/21 Dt 1.7.2021 | 20.6.21 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 10/21വരെ |
| 4 | പാർവ്വതി എം | 493726062534 | 111730200558 | 65/21 Dt 20.7.21 | 18.6.21 | ഇന്ദിരാ ഗാന്ധി | 10/21 വരെ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ദേശീയ വാർദ്ധക്യ കാല പെൻഷൻ | |
| 5 | പി.കെ ദേവകി | 908715084587 | 111740200029 | 69/21 Dt 6.8.21 | 8.7.21 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 8/21വരെ |
| 6 | നാരായണൻ പി | 951221646960 | 111730201413 | 87/21dt22.10.21 | 30.9.21 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷന് | 10/21വരെ |
| 7 | ഏലിയാമ്മ ചാക്കോ | 937371651220 | 111730200475 (പടിഞ്ഞാറെ ത്തറ ഗ്രാമ പഞ്ചായത്ത് ) | 91/2021 Dt 26.10.21 | 20.9.21 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 11/21 മാത്രം |
| 8 | രേണുകഅക്കമ്മ. കെ | 980152946393 | 111730200921 | 92/21 Dt26.10.21 | 27.9.21 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 10/21 |
| 9 | പി കുഞ്ഞിപാത്തു | 968302042435 | 111730201975 | 2/21 Dt 21.1.21 | 18/12/20 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 1/21 |
| 10 | ജോർജ് വി.കെ | 290565805696 | 111730200443 | 3/22dt 15.1.22 | 18.12.21 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 8/22 |
| 11 | കുഞ്ഞമ്പു | 431666457750 | 111730200664 | 11/22 Dt 8.2.22 | 9.1.22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 8/22 |
| 12 | എം സി രാഘവൻ | 815851835202 | 111730202111 | 12/22 Dt14.2.22 | 30.1.22 | ഇന്ദിരാ ഗാന്ധി ദേശീയ | 8/22 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | വാർദ്ധക്യ കാല പെൻഷൻ | |
| 13 | അമ്മാളു എൻകെ | 585047677771 | 111730201501 | 17/22 Dt17.2.2022 | 29.1.22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 6/22 |
| 14 | അബ്ദുള്ള പി | 703373491115 | 111730202048 | 19/22 Dt 18.2.22 | 28.11.21 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 8/22 |
| 15 | ഗോവിന്ദൻ എൻ | 447361392664 | 111730200420 | ഫയൽ നം (401088/ CRDR01/ GPO/2022/ 96 | 31.3.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 5/22 |
| 16 | Nanu T | 384505130216 | 2220330077 | 33/21 Dt3.4.2021 | 16.3.2021 | Karshaka Pension For Small And Marginal Farmers ക്ഷേമനിധി ബോർഡ് പെൻഷൻ | 8/21 |
| 17 | MADHANAN | 344477623176 | 2220245108 | 42/21 Dt 29.4.21 | 1.4.21 | Karshaka Pension For Small And Marginal Farmers ക്ഷേമനിധി ബോർഡ് പെൻഷൻ | 8/21 |

മേൽ പരാമർശിച്ചവരുടെ പെൻഷൻ സസ്പെൻഡ്ചെയ്തിട്ടുണ്ട് . അധികം അക്കൗണ്ട് ചെയ്ത രൂപ തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (1/12.10.22) മറുപടി നൽകിയത് .

പഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് ഉറപ്പു വരുത്താറുണ്ടെന്നും, മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെ പെൻഷൻ ഗുണഭോക്താവാണെങ്കിൽ ആ തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ വിവരം അറിയിക്കുന്നതിൽ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട് . ക്ഷേമ പദ്ധതികൾ അർഹരായവർക്ക് മാത്രമേ ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള ക്രിയാത്മക നടപടികൾ/സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അനർഹമായി കൈപ്പറ്റിയ തുക കേരള സെക്യൂരിറ്റിപെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ട് നമ്പറായ 00110102300O269 കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ അക്കൗണ്ടിലേയ്ക്ക് അടക്കേണ്ടതാണ്

## 1-7-2 തൊഴിൽ രഹിത വേതനം തൊഴിലുറപ്പ് പദ്ധതികൾ പ്രയോജനപ്പെടുത്തേണ്ടത്

മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിൽ 21 പേർക്ക് തൊഴിൽ രഹിത വേതനം നൽകുന്നതിന് ₹22,200 ചെലവഴിച്ചിട്ടുണ്ട്.

₹12,000 വരുമാനം നിശ്ചയിക്കുന്നതിന്, ആവശ്യമെങ്കിൽ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ആവശ്യപ്പെടാമെന്നതിനാൽ, ഈ സർട്ടിഫിക്കറ്റ് ലഭ്യമാക്കി വേതന വിതരണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇവരെ സ്വയം തൊഴിൽദായക പദ്ധതികളിലോ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളിലോ ഉൾപ്പെടുത്തി വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 കേഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-10- 2022 ന് ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6451 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു. .

## 1-9 ആഭ്യന്തര നിയന്ത്രണം

കോവിഡ് 2-ം ലോക്ക് ഡൗണിനു ശേഷം സ്റ്റാഫ് മീറ്റിംഗുകൾ കൃത്യമായി കൂടിയിട്ടുണ്ട്. വസ്തു നികുതി 100% പിരിച്ചെടുത്തിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി അവലോകനം ക്രമമായി നടത്തുന്നില്ല. പെൻഡിംഗ് ഫയൽ തീർപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമഗ്ര ജോലി വിഭജനം, സെക്ഷൻ പുന:ക്രമീകരണം എന്നിവ ഇക്കാലയളവിൽ ഉണ്ടായിട്ടില്ല. ഇൻകമ്പൻസി രജിസ്റ്ററിൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരം ചേർക്കുന്നില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കണക്കാക്കി തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല. മരണാനന്തരവും സാമൂഹ്യ സുരക്ഷപെൻഷൻ അനുവദിക്കുന്നുണ്ട്. 5 പേരുടെ പെൻഷൻ അവർ മരണപ്പെട്ടു എന്ന് ബന്ധപ്പെട്ടവരുടെ തെറ്റായ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തടഞ്ഞു വെക്കുകയും പുനരന്വേഷണത്തിൽ തെറ്റ് ബോധ്യപ്പെട്ടതിനാൽ പെൻഷൻ പുന:സ്ഥാപിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരം വീഴ്ചകൾ ഗുരുതരമായി കാണേണ്ടതും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സക്രിയമായ നിരീക്ഷണം സാമൂഹ്യ സുരക്ഷപെൻഷൻ വിതരണത്തിൽ ഉണ്ടാവേണ്ടതുമാണ്

## 1-10 ഗ്രാമ സഭ

2021-22 വർഷത്തിൽ ഒരു ഗ്രാമ സഭ (13/1/2022) മാത്രമാണ് ചേർന്നിട്ടുള്ളത്. ഈ ഗ്രാമ സഭകളിൽ 2021-22 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകാരം, കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപ പദ്ധതി തയ്യാറാക്കൽ, തുടങ്ങിയവയാണ് പ്രധാനപ്പെട്ട അജണ്ട. ചില ഗ്രാമ സഭ മിനുട്ട്സിൽ (വാർഡ് 7) വോട്ടർമാരുടെ എണ്ണം രേഖപ്പെടുത്തുന്നില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം. 11/2018 ത.സ്വ.ഭ.വ, തീയതി 02.02.2018 ഖണ്ഡിക 3.2.3പ്രകാരം ഓരോ ഗ്രാമ സഭാ യോഗത്തിന്റെയും തീരുമാനങ്ങൾ അവിടെ വച്ചുതന്നെ എഴുതി തയ്യാറാക്കി ഗ്രാമ സഭ അദ്ധ്യക്ഷൻ, കൺവീനർ, ഉദ്യോഗസ്ഥർ, യോഗത്തിൽ പങ്കെടുത്ത സഭാ അംഗങ്ങളിൽ ചുരുങ്ങിയത് 15 പേർ എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറിയെ ഏല്പിക്കേണ്ട ഉത്തരവാദിത്തം കോ-ഓർഡിനേറ്ററുടേതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.

## 1-11 ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിലെ കാലതാമസം.

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസ് ഇനത്തിലെ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ഇതുവരെയായും ലഭിച്ചിട്ടില്ല. ഇ-ടെണ്ടർ നടപടികൾ ആരംഭിച്ച ശേഷം 2017-18 വർഷം മുതലുള്ള ടെണ്ടർ ഫീസ് ഇനത്തിലെ തുകകൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമായ ടെണ്ടർ ഫീസ് ഇനത്തിലുള്ള ലക്ഷക്കണക്കിന് രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുകയാണ്. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുവാനുള്ള തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിലേക്ക് ലഭിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (25/17.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തെ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കരാറുകാരുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

1. ബിജു.എം,വേണനാദം,പി.ഡബ്യു.ഡി കോൺട്രാക്ടർ
2.വിനീത്.കെ,ഉഷസ്
3.വി.ഡി.മത്തായി,മണത്തണ (പി.ഒ)
4.വിപിൻലാൽ,തില്ലങ്കേരി
5.ശ്രീ.ജയൻ പി.ഇ, ശ്രീനിലയം
6.കെ.രാമചന്ദ്രൻ,മുഴക്കുന്ന്
7.സുരേഷ് ബാബു.കെ.ജെ , പി.ഡബ്യു.ഡി കോൺട്രാക്ടർ
8.സിജ.എം,വേണനാദം
9.ബിൻസ് ജോയ്,വെളിയത്ത്
10.പോൾ കണ്ണന്താനം
11.മനോജ് പി.വി
12.ജിജേഷ്.വി
13.അബ്ദുൾ അസീസ്

മുകളിൽ കൊടുത്ത കരാറുകാരിൽ നിന്നും 2021-22 വർഷം രണ്ട് അർദ്ധവർഷത്തിലും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 204 (1) (ii) എ (I) പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ ജോലി ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയമാകുമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇപ്രകാരം മേൽ പറഞ്ഞ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/16-10-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറിയുടെ വാടക വർദ്ധനവ് വരുത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 4/2019 നമ്പർ മുറിയുടെ വാടക 2102 രൂപ നിരക്കിലാണ് വർഷങ്ങളായി ഈടാക്കുന്നത്. മുഴക്കുന്ന് സർവ്വീസ് സഹകരണ ബേങ്കിന്റെ സായാഹ്ന ശാഖയാണ് ഇവിടെ പ്രവർത്തിക്കുന്നത്. മുറിയുടെ വാടക കാലാനുസൃതമായി പുനർ നിർണയിക്കാത്തതിന് കാരണവും വാടക പുനർ നിർണയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/16-10-2022) ലഭ്യമാക്കിയ മറുപടിയിൽ പി.ഡബ്ല്യു.ഡി നിരക്കിൽ മൂന്ന് വർഷത്തേക്ക് മാത്രമാണ് ബേങ്കുമായി എഗ്രിമെന്റ് ഉണ്ടാക്കിയതെന്നും എഗ്രിമെന്റ് കാലഘട്ടം കഴിഞ്ഞിട്ടും അനുയോജ്യമായ കെട്ടിടം ലഭിച്ചില്ല എന്ന കാരണത്താൽ ബേങ്ക് കെട്ടിട മുറി ഒഴിവാക്കി തന്നില്ലെന്ന് അറിയിച്ചിട്ടുണ്ട്. ബേങ്കിന്റെ പ്രവർത്തന കാലയളവിൽ പി.ഡബ്യു.ഡി നിരക്കിൽ ഈടാക്കേണ്ടിയിരുന്ന വാടക കണക്കാക്കി സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ആംബുലൻസ് വാടക -രശീതി ഉപയോഗത്തിലെ അപാകത

ആംബുലൻസിന്റെ വാടക വാങ്ങുന്നതിനായുള്ള രശിതികൾക്ക് ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്നില്ല. ഇത്തരത്തിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാത്തതിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/16-10-2022) രശീതി ബുക്കുകൾ പ്രിന്റ് ചെയ്തതിലെ പിശക് കാരണമാണ് ഇത്തരത്തിൽ സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 സർക്കാർ ഉത്തരവ് പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു

ജി.ഒ.(പി) 152/2020/ഫിൻ തീയതി 05-11-2020 ഉത്തരവിൽ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം 01-06-2021 മുതലേ അനുവദിക്കുകയുള്ളൂവെന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും ജി.ഒ.(പി) 104/2021/ഫിൻ തീയതി 26-07-2021 പ്രകാരം 01-06-2021 മുതൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് 6 മാസത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. ആയത് പരിഗണിക്കാതെ താഴെ പറയുന്ന ജീവനക്കാർക്ക് ലീവ് സറണ്ടർ അനുവദിച്ചിട്ടുണ്ട്.

| പേര് | ഉദ്യോഗപേര് | വൗച്ചർ നമ്പർ തീയതി തുക | അനുവദിച്ച തുക |
|---|---|---|---|

| | | | |
|---|---|---|---|
| അനിൽ രാമകൃഷ്ണൻ | സെക്രട്ടറി | 22100112/1.6.21 | ₹70707 |
| പ്രേമരാജൻ കണിയേരി | അക്കൗണ്ടന്റ് | 22100113/1.6.21 | ₹57054 |
| ഷംസുദീൻ | ഹെഡ്ക്ലർക്ക് | 22100113/1.6.21 | ₹57054 |
| രഞ്ചിത്ത്.കെ | സീനിയർ ക്ലർക്ക് | 22100113/1.6.21 | ₹49395 |
| രാജേഷ്.ഒ.ജി | സീനിയർ ക്ലർക്ക് | 22100113/1.6.21 | ₹49395 |
| ബാലകൃഷ്ണൻ.കെ | സീനിയർ ക്ലർക്ക് | 22100113/1.6.21 | ₹45843 |
| രവി ശങ്കർ | ക്ലർക്ക് | 22100113/1.6.21 | ₹59829 |
| രമീഷ്.പി.പി | ക്ലർക്ക് | 22100113/25.6.21 | ₹38517 |
| സുജേഷ് കുമാർ എൻ.കെ | ക്ലർക്ക് | 22100113/25.6.21 | ₹30304 |

സർക്കാർ ഉത്തരവിന് അനുസൃതമല്ലാതെ ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 31/19.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ലീവ് സറണ്ടർ ചെയ്തത് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-16 ഡെഫേർഡ് സാലറി-സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

വൗച്ചർ നമ്പർ 22100016/19-04-2021 ₹ 4,18,875

ജി.ഒ(പി) 140/2020/ധന തീയതി 25-10-2020 ഉത്തരവ് പ്രകാരം കോവിഡ് കാരണം ജിവനക്കാരുടെ ശമ്പളത്തിൽ നിന്ന് മാറ്റിവെച്ച ശമ്പളം 2021 ജൂൺ 1 മുതൽ (2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ ) മാറ്റിവെച്ച തുകക്ക് അനുസൃതമായി മാസ ഗഡുക്കളായി തിരികെ നൽകുന്നതിനാണ് നിർദ്ദേശം നൽകിയത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് മുഴുവൻ തുകയും ഒരുമിച്ച് മേൽ വൗച്ചർ പ്രകാരം അനുവദിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതെ മുഴുവൻ തുകയും ഒന്നിച്ച് അനുവദിച്ചതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(31/19-10-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.
സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-17 ഇൻഫർമേഷൻ കേരളമിഷന് തുക നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് | ഇൻഫർമേഷൻ കേരളമിഷന് തുക നൽകൽ |
| പ്രോജക്ട് നം | 3/22 |
| അടങ്കൽ | ₹64567 |
| ചെലവ് | ₹64567 |
| ബിൽ നം &തീയതി | 21220552013500370432/3.9.21 |

ഇൻഫർമേഷൻ കേരളമിഷന് തുക നൽകൽ പദ്ധതിക്കായി ₹ 64567 ഇൻഫർമേഷൻ കേരളമിഷന് നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/16.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി തുടർനടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-18 ഓൺലൈൻ വിദ്യാസഹായി-കാര്യകാരണസഹിതമുള്ള റിപ്പോർട്ട് രേഖപ്പെടുത്താതെ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചു. ₹9950 നിരാകരിക്കുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 138/22 ഓൺലൈൻ വിദ്യാസഹായി-ഇലക്ട്രിക്ക് കണക്ഷനം കേബിൾ കണക്ഷനം(സ്പിൽ ഓവർ) |
| അടങ്കൽ | ₹100000 |
| ചെലവ് | ₹99950 |
| ബിൽ നം. , തീയതി | ചെക്ക് നമ്പർ 263508, 31.3.2022 |

മേൽ പ്രോജക്ട് പ്രകാരം 21 അംഗൻവാടികളിലും പാല സാംസ്കാരിക നിലയം, ഉണ്ടിക സാംസ്കാരിക നിലയം, നെല്യാട് ബദൽ സ്കൂൾ,ചാക്കാട് കോളനി, വിളക്കോട് സാംസ്കാരിക നിലയം, എന്നിവിടങ്ങളിൽ കേബിൾ കണക്ഷൻ നൽകുന്നതിന് വേണ്ടിയാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ട് നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ 2 ടെണ്ടർ ലഭിക്കുകയും അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് സമീർ സുലൈമാൻ ,ശ്രീവിഷൻ കേബിൾ എന്ന കരാറുകാരനാണ് (10%below Estimate).എന്നാൽ ഭരണസമിതിയുടെ 6.2.21ലെ 1/238/21(2) നമ്പർ തീരുമാനം പ്രകാരം ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത പ്രമോദ് .കെ , Hi Vision Cable (Estimate Rate₹100000) എന്ന കരാറുകാരന്റെ ടെണ്ടറാണ് അംഗീകരിച്ചിരിക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(29/18-10-2022) കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സമീർ സുലൈമാൻ എന്ന കരാറുകാരന് ജി എസ് ടി രജിസ്ട്രേഷൻ ഇല്ലാത്തത് കാരണമാണ് ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തത് പ്രമോദ് .കെ യുടെ ടെണ്ടർ അംഗീകരിച്ചതെന്നും കൂടാതെ കോവിഡ് പശ്ചാത്തലത്തിൽ അംഗൻവാടികളിൽ ഓൺലൈൻ ക്ലാസുകൾ ആരംഭിച്ച സാഹചര്യത്തിൽ റീടെണ്ടർ ക്ഷണിക്കുന്നതിന് മതിയായ സമയം ലഭിക്കാത്തതുമാണ് ഇപ്രകാരം ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചത് എന്നാണ് മറുപടിയിൽ അറിയിച്ചത്. എന്നാൽ ഈ മറുപടി സാധൂകരിക്കുന്ന തെളിവുകളൊന്നും ലഭിച്ചിട്ടില്ല . പ്രസക്തമായ കാരണങ്ങൾ രേഖപ്പെടുത്തി,കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരാകരിക്കാനും തൊട്ടടുത്ത ടെണ്ടർ സ്വീകരിക്കാനും ഭരണ സമിതിയ്ക്ക് അധികാരമുണ്ട്. എന്നാൽ ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനത്തിൽ ഈ കാര്യം രേഖപ്പെടുത്തിയിട്ടില്ല . സ.ഉ (പി) നം. 259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകളും പാലിക്കാതെയാണ് പർച്ചേസ് നടത്തിയിട്ടുള്ളത്.ടെണ്ടർ നടപടിക്രമങ്ങളിൽ ഉണ്ടായ വീഴ്ച മൂലമാണ് 9950 രൂപ അധികം നൽകാൻ ഇടയായത്. യഥാസമയം നടപടികൾ കൈകൊള്ളുന്നതിലെ വീഴ്ചമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ₹ 9950 ഓഡിറ്റിൽ നിരാകരിക്കുന്നു. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ബാറ്ററി ഓപ്പറേറ്റഡ് മുച്ചക്ര വാഹനം വാങ്ങൽ ജി എസ് ടി ടി ഡി എസ് ഈടാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം / പേര് | ബാറ്ററി ഓപ്പറേറ്റഡ് മുച്ചക്ര വാഹനം വാങ്ങൽ (ഗുഡ്സ് വെഹിക്കിൾ)-114/22 |
| അടങ്കൽ | 1,50,000(ധനകാര്യ കമ്മീഷൻ അവാർഡ്)<br>3,50,000(കേന്ദ്രാവിഷ്കൃത ഫണ്ട് )<br>ആകെ – ₹500000 |
| ചെലവ് | 1,50,000(ധനകാര്യ കമ്മീഷൻ അവാർഡ്)<br>2,84,226 (കേന്ദ്രാവിഷ്കൃത ഫണ്ട് )<br>ആകെ – ₹434226 |
| വൗച്ചർ നം &തീയതി | 1,50,000(P F MS വഴി) 265/18.3.22 |

| | |
|---|---|
| | 2,84,226 (123/3 1146 ) |

മിനി എം സി എഫിൽ നിന്നും മാലിന്യങ്ങൾ M C F ൽ എത്തിക്കുന്നതിനുള്ള വാഹനം വാങ്ങൽ പദ്ധതിയ്ക്ക് വേണ്ടി കുറ്റകാരൻ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ് ,എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും ജെം മുഖേന 4,34,226 ചെലവഴിച്ച് വാഹനം വാങ്ങിച്ചിട്ടുണ്ട്.

| | |
|---|---|
| ബാറ്ററി വില | 3,87,796 |
| ഇൻഷുറൻസ് | 10,672 |
| രജിസ്ട്രേഷൻ ടാക്സ് | 15,387 |
| ജി എസ് ടി | 20,371 |
| ആകെ | 4,34,226 |

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ കുറ്റകാരൻ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും ടി.ഡി.എസ് ഈടാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (28/18.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി, ടി.സി.എസ്. ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 വയോജന വിശ്രമകേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ രേഖകൾ ഹാജരാക്കാത്തത്- ₹4772 നിരാകരിക്കുന്നു. ₹66481 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം / പേര് | വയോജന വിശ്രമകേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യം -11/22 |
| അടങ്കൽ | 75,000( വികസന ഫണ്ട്- ജനറൽ ) |
| ചെലവ് | 71,253 |
| ബിൽ നം &തീയതി | 21220552013501425278 Dt 23.3.2022 |

വയോജന വിശ്രമകേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ പദ്ധതിയ്ക്ക് വേണ്ടി സ്റ്റീൽ കാബിനെറ്റ്, സ്റ്റീൽ റാക്ക്, വിസിറ്റേഴ്സ് ചെയർ എന്നിവ വാങ്ങിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ച് മൂന്ന് ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട്. റോയൽ ഏജൻസിയ്ക്കാണ് തുക നൽകിയിരിയ്ക്കുന്നത്. പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ പറയുന്നു.

1- ടെണ്ടർ ഷെഡ്യൂളിനോടൊപ്പം നൽകുന്ന, ലഭ്യമാക്കേണ്ട ഫർണ്ണിച്ചറുകളുടെ ടെണ്ടർ ഇനം സ്പെസിഫിക്കേഷൻ എന്നിവ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല

2- റോയൽ ഏജൻസി സമർപ്പിച്ച ടെണ്ടറിൽ സ്റ്റീൽ കാബിനറ്റിന്റെ ഇനം ,തരം ,നിരക്ക് എന്നിവ മാത്രമേ ഉള്ളൂ. ബാക്കി ഇനങ്ങളായ റാക്ക്,ചെയർ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല . പൂർണ്ണമായ ടെണ്ടർ ഹാജരാക്കിയിട്ടില്ല

3- 3 കരാറുകാരുടേയും എല്ലാ ഇനങ്ങളും,സ്പെസിഫിക്കേഷനും ഉൾപ്പെടുത്തിയിട്ടുള്ള താരതമ്യ പത്രിക തയ്യാറാക്കിയിട്ടില്ല

4-റോയൽ ഏജൻസിയുടെ ഇൻവോയിസിൽ സ്റ്റീൽ കാബിനറ്റ് നിരക്ക് 8537+18% GST=10074 ആണ്. എന്നാൽ ടെണ്ടറിൽ ഇതിലും കുറഞ്ഞ നിരക്കുകളാണ് ഉള്ളത് . (അംഗീകരിച്ച നിരക്ക് ഏതാണെന്ന് വ്യക്തമല്ല )

| ഇനം | ടെണ്ടർ നിരക്ക് | ഇൻവോയിസ് നിരക്ക്(Royal /21-22/03/dt 22.3.22)- | വ്യത്യാസം | ആകെ അധികം നൽകിയത് |
|---|---|---|---|---|
| സ്റ്റീൽ കാബിനറ്റ് | 7688 | 8537+18% GST=10074 | 2386 | 2എണ്ണം * 2386=4772 |

ഇപ്രകാരം മറ്റ് ഇനങ്ങൾക്കും അധിക തുക നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ് ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (30/18/10/22) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയിട്ടില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹ 4772 നിരാകരിക്കുന്നു. ₹ 66481 തടസ്സപ്പെടുത്തുന്നു.

## 1-21 പ്രൊക്യുർമെന്റ് കമ്മറ്റിയുടെ പ്രവർത്തനം

സ.ഉ.(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

2021-22 വർഷത്തേക്കുള്ള വാങ്ങലുകളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി രണ്ട് പ്രാവശ്യം മാത്രമാണ് യോഗം കൂടിയിട്ടുള്ളത്( 28-10-2021,2-12-2021 ).

ഇതിൽ 28.10.21 ലെ യോഗത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ വയോജനങ്ങൾക്ക് കട്ടിൽ വിതരണം (പട്ടിക വർഗ്ഗം ) 2 എണ്ണം, പി വി സി വാട്ടർ ടാങ്ക് വിതരണം (പട്ടിക വർഗ്ഗം ), വി ഇ ഒയുടെ ശുചിത്വ ബോർഡ് സ്ഥാപിക്കൽ, കളക്ടേർസ് എറ്റ് സ്കൂൾ, സെക്രട്ടറിയുടെ വയോജന വിശ്രമ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ എന്നീ പ്രോജക്ടുകളുടെ ഭാഗമായി സ്ഥാപനങ്ങൾ ഹാജരാക്കിയ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് അംഗീകാരം നൽകുകയുണ്ടായി.

2-12-21 ലെ പ്രൊക്യുർമെന്റ് കമ്മിറ്റി യോഗത്തിൽ വി ഇ ഒ, ഐ സി ഡി എസ് നടപ്പാക്കിയ പ്രോജക്ടുകളുടെ ഭാഗമായി സ്ഥാപനങ്ങൾ ഹാജരാക്കിയ സാമ്പിൾ പരിശോധിച്ച് പർച്ചേസ് ഓർഡറിന് അംഗീകാരം നൽകി നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ വാങ്ങൽ പ്രക്രിയ നടന്ന വിവിധ നിർവ്വഹണോദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ പ്രൊക്യുയർമെന്റ് കമ്മിറ്റിയുടെ സജീവ ഇടപെടൽ നടന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A) പഞ്ചായത്ത് ഓഫീസ് നവീകരണം(232/22)

B)പട്ടിക ജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ(36/22)

C)മുഴക്കുന്ന് വിളക്കോട് ഗവൺമെന്റ് സ്കൂളുകൾക്ക് പാചകത്തിനുള്ള പാത്രങ്ങൾ വാങ്ങൽ(74/22)

പ്രൊക്യുയർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകേണ്ടതായുണ്ട്.

## 1-22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 29/22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 187500 (വികസന ഫണ്ട്)<br>187500 (സംസ്ഥാന വിഹിതം)<br>375000 (ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കൽ) |
| ആകെ അടങ്കൽ | 750000 |
| ചെലവ് | 187500 (വികസന ഫണ്ട്) |
| ബിൽ നമ്പർ,തീയതി | P3/21-22 , 6.2.22 ₹ 187500 |

4-6 മാസം പ്രായമുള്ള 30 കന്നുകുട്ടികൾക്ക് 30 മാസം/പദ്ധതി തീരുന്നതുവരെ ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭ്യമാക്കുകയും പദ്ധതിക്കാലയളവ് തീരുന്നതുവരെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകി ഉല്പാദനശേഷി

കൂടിയതും ആരോഗ്യമുള്ളതുമായ കന്നുകാലിസമ്പത്ത് വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഒരു ഗുണഭോക്താവിന് ₹6,250 പഞ്ചായത്ത് വിഹിതമായി നൽകുന്നു. ഗ്രാമ പഞ്ചായത്ത് ഭരണസമിതി തെരഞ്ഞെടുത്ത തളിപ്പൊയിൽ ക്ഷീര സഹകരണ സംഘം മുഖേനയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്.

പദ്ധതിയുടെ നടത്തിപ്പിനായി മേൽ ബിൽ പ്രകാരം മാറിയ ₹1,87,500എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/13.10.2022)എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നമുറക്ക് ഹാജരാക്കുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-23 തേനീച്ച വളർത്തൽ -രേഖകളുടെ അഭാവത്തിൽ 14400 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ / പേര് | 101/22 തേനീച്ച വളർത്തൽ |
| അടങ്കൽ | ₹14400 വികസന ഫണ്ട് |
| ചെലവ് | ₹14400<br>ബിൽ നമ്പർ/തീയ്യതി: 10/21-22,29.01.2022 |

തേനീച്ച വളർത്തൽ എന്ന പ്രോജക്റ്റ് പ്രകാരം തേനീച്ചക്കൂടുകൾ വാങ്ങുന്നതിന് ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തതാണ് .ഈച്ചയോടുകൂടിയ 2 തേനീച്ചക്കൂടുകൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി ബില്ലുകൾ ഹാജരാക്കുന്ന മുറക്ക്ഒരു കൂടിന് 720 രൂപ നിരക്കിൽ പരമാവധി 2 കൂടിനുള്ള ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നു. മേൽ ബിൽ പ്രകാരം മാറിയ തുക 10 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനാണ് വിനിയോഗിച്ചത് (₹1440*10). മധുശ്രീ ഹണി ഫാം എന്ന സ്ഥാപനത്തിൽ നിന്നാണ് ഗുണഭോക്താക്കൾ തേനീച്ചക്കൂടുകൾ വാങ്ങിയത്(Apis Indian Bee Hive). പ്രോജക്റ്റ് നടത്തിപ്പിലെ അപാകങ്ങൾ

1. പ്രോജക്റ്റിൽ തേനീച്ചക്കൂടുകൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുവാനാണ് വിഭാവനം ചെയ്തത്.എന്നാൽ സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിരിക്കുന്നത്. വാങ്ങൽ നടപടിയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

2.തേനീച്ച വളർത്തലിന് ഗുണഭോക്താക്കൾക്ക് പരിശീലനം നൽകണം എന്ന് മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ മേൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 10 ഗുണഭോക്താക്കൾക്ക് തേനീച്ച വളർത്തലിൽ പരിശീലനം നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3. തേനീച്ച കൂടിന് ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11 തീയതി 15-10-2022) തേനീച്ചക്കൂടുകൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമല്ലാത്തതിനാൽ രജിസ്റ്റർഡ് സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത് എന്നും പരിശീലനത്തിന് പ്രത്യേക ഫണ്ട് ലഭ്യമായിരുന്നില്ല എന്നും മാത്രമല്ല ഗുണഭോക്താക്കൾ തേനീച്ച കൃഷിയിൽ മുൻപരിചയം ഉള്ളവരാണ് എന്നും മറുപടി നൽകിയിട്ടുള്ളത്.

വാർഷിക പദ്ധതി 2021-22 -വ്യക്തിഗത ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ട ആസ്തികളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച 01.09.2021 ലെ 392/2020/ഡിപിസി /ഡി പി ഒ/ കെ എൻ ആർ ഉത്തരവിൽ ഗുണഭോക്താക്കൾ വാങ്ങിയ ഇനത്തിന്റെ റേറ്റ് ഉൾപ്പെട്ടിട്ടില്ല. ആയത് യൂണിറ്റ് കോസ്റ്റിൽ അധികരിച്ചിട്ടില്ല എന്നും തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ തുക 14400/- തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട--മാർഗ്ഗരേഖയിലെ വ്യവസ്ഥ പാലിക്കേണ്ടതാണ്.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മുഴക്കുന്ന് സർക്കിൾ |
| പ്രോജക്റ്റ് നമ്പർ / പേര് | 171/22 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട-20-21(സ്പിൽ ഓവർ) |

| | |
|---|---|
| അടങ്കൽ | ₹2,10,000 (വികസന ഫണ്ട്) |
| ചെലവ് | 30000 |
| ബിൽ നം. , തീയതി & തുക | 35/22.3.2022 |

ഭിന്നശേഷിക്കാർക്ക് പെട്ടിക്കട എന്ന മേൽ പ്രോജക്ട് പ്രകാരം ഭിന്നശേഷിയുള്ള പി. ജയരാജൻ എന്ന ഗുണഭോക്താവിന് പെട്ടിക്കട നടത്തുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം.22/2018/തസ്വഭവ തീയതി 14.2.2018 ലെ ഖ. 6.4.13 പ്രകാരം പെട്ടിക്കട നിർമ്മിച്ച് നൽകിയവരുടെ ബേങ്ക് അക്കൗണ്ടിലേക്കാണ് സബ്സിഡി സംഖ്യ നൽകേണ്ടത്. എന്നാൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. ആയത് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/17-10-2022) പെട്ടിക്കട നിർമ്മിച്ച് നൽകുന്നതിന് ആരും തയ്യാറായിരുന്നില്ല എന്നും തയ്യാറായവർ ഉയർന്ന നിരക്കാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയത് കാരണം ഗുണഭോക്താവ് സ്വന്തം നിലയിൽ നിർമ്മിക്കുകയും ധനസഹായം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തന്നെ കൈമാറുകയും ചെയ്തതെന്ന മറുപടിൽ അറിയിച്ചത് .സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന നിർമ്മാണം അഡീഷണൽ ലിസ്റ്റ്(പട്ടിക വർഗ്ഗം) - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മുഴക്കുന്ന് സർക്കിൾ |
| പ്രോജക്ട് നമ്പർ / പേര് | 54/22 )ലൈഫ് ഭവന നിർമ്മാണം അഡീഷണൽ ലിസ്റ്റ്(പട്ടിക വർഗ്ഗം) |
| അടങ്കൽ | ₹900000 (വികസന ഫണ്ട്)<br>₹1304500 (ടി എസ് പി )<br>₹1200000 ( സംസ്ഥാനാവിഷ്കൃതം)<br>₹1395500 (ബ്ലോക്ക് പഞ്ചായത്ത്)<br>₹2400000 (ജില്ലാ പഞ്ചായത്ത്) |
| ആകെ അടങ്കൽ | 7200000 |
| ചെലവ് | ₹900000 (വികസന ഫണ്ട്)<br>₹1304500 (ടി എസ് പി )<br>₹850000 ( സംസ്ഥാനാവിഷ്കൃതം)<br>₹801425 (ജില്ലാ പഞ്ചായത്ത്)(വികസന ഫണ്ട്) |
| ആകെ ചെലവ് | 3855925 |

| | |
|---|---|
| ബിൽ നമ്പർ,തീയതി | 4/22,13-10-21 ₹480000<br>8/22,8-11-21 ₹450000<br>12/22,4-12-21 ₹275500<br>13/22,15-12-21 ₹374500<br>15/22,17-1-22₹374500<br>20/22,24-1-22₹250000<br>22/22,10-2-22 ₹64025<br>23/22,10-2-22₹237400<br>26/22,26-2-22₹100000<br>27/22,26-2-22₹400000<br>30/22,10-3-22₹150000<br>31/22,15-3-22₹100000<br>33/22,18-3-22₹100000<br>42/22,27-3-22₹500000 |

12 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് @6,00,000സബ്സിഡി നൽകാൻ വേണ്ടി വിഭാവനം ചെയ്ത മേൽ പ്രോജക്ടിൽ, നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുന്നു. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാർ പ്രകാരം 6 മാസത്തിനകം നിർമ്മാണം പൂർത്തിയാക്കേണ്ടതാണ് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | യൂണിറ്റ് കോസ്റ്റ് | നാളിതുവരെ കൈപ്പറ്റിയ തുക | നല്കാൻ അവശേഷിക്കുന്ന തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | സിത്താര വാർഡ്-5 | 600000 | 190000 | 410000 | ലിന്റൽ |
| 2 | ഗോപികവാർഡ്- | 600000 | 315000 | 285000 | മേൽക്കൂര |
| 3 | ഷീബ.പി.കെ വാർഡ്- | 600000 | 490000 | 110000 | മേൽക്കൂര |
| 4 | ഗിരിജ.എ.കെ വാർഡ്- | 600000 | 391425 | 208575 | മേൽക്കൂര |
| 5 | ജാനകി.പി വാർഡ്- | 600000 | 364500 | 235500 | മേൽക്കൂര |
| 6 | നികേഷ്സി.കെ വാർഡ്- | 600000 | 290000 | 310000 | മേൽക്കൂര |
| 7 | സുനീഷ്.വി.കെ വാർഡ്- | 600000 | 515000 | 85000 | മേൽക്കൂര |
| 8 | ഓമന വാർഡ്- | 600000 | 490000 | 110000 | മേൽക്കൂര |
| 9 | പ്രജീന വാർഡ്- | 600000 | 190000 | 410000 | ബേസ്മെന്റ് |
| 10 | ഷീല കൃഷണൻ വാർഡ്- | 600000 | 390000 | 210000 | മേൽക്കൂര |
| 11 | അനിത കൃഷ്ണൻ വാർഡ്- | 600000 | 390000 | 210000 | മേൽക്കൂര |
| 12 | മഞ്ജുള വാർഡ്- | 600000 | 90000 | 510000 | ലിന്റൽ |

മേൽപറഞ്ഞ നിർമ്മാണം ആരംഭിച്ച വീടുകൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 27/18-10-2022) നിലവിൽ ഫണ്ട് ലഭ്യമല്ല എന്നും ഫണ്ട് ലഭ്യമാകുന്ന മുറക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിച്ച് നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി . ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26 സാന്ത്വന പരിചരണം - മുഴുവൻ ഉപകരണങ്ങളും ലഭിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല- ₹ 43,729 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 99/22 സാന്ത്വന പരിചരണം |
| അടങ്കൽ | ₹ 545200 വികസന ഫണ്ട്,ജനറൽ<br>₹ 300000 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹ 845200 |
| ചെലവ് | ₹541185 വികസന ഫണ്ട്,ജനറൽ<br>₹299453 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹ 840638 |

സാന്ത്വന പരിചരണം എന്ന പ്രൊജക്ടിന്റെ ഭാഗമായി ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ആകെ തുക ₹ 840638 നൽകിയിട്ടുണ്ട്.എന്നാൽ താഴെ കാണുന്ന ഇൻവോയിസ് പ്രകാരം നൽകിയ തുകയ്ക്ക് അനുസരിച്ചുള്ള മുഴുവൻ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല

| നൽകിയ തുക | ബിൽ നമ്പർ/തീയതി | പ്രഫോമ ഇൻവോയ്സ് നമ്പർ/തീയതി | ലഭിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| ₹170547 | 61/12.10.2021 | 2742/16-10-2021 | 21622 |
| ₹99997 | 114/07.12.2021 | 2695/13-10-2021 | 9157 |
| ₹28909 | 198/15.02.2022 | 3696/30-11-2021 | 12950 |
| | | ആകെ | ₹ 43,729 |

മുഴുവൻ തുകയുടെയും ഉപകരണങ്ങൾ ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.20/17-10-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. മുഴുവൻ തുകയുടെയും ഉപകരണങ്ങൾ ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ₹ 43,729 തടസ്സപ്പെടുത്തുന്നു. ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-26(1) സാന്ത്വന പരിചരണം - മുഴുവൻ മരുന്നും ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 193/22 സാന്ത്വന പരിചരണം(സ്പിൽ ഓവർ) |
| അടങ്കൽ | ₹273870 ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | ₹99805<br>5117300401210022/11-12-2021 |

പ്രഫോമ ഇൻവോയ്സ് നമ്പർ 2843/22-10-2021 പ്രകാരം സാന്ത്വന പരിചരണം എന്ന പ്രൊജക്ടിനായി മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിനാണ് മേൽ തുക നൽകിയത്. എന്നാൽ 85145 രൂപയുടെ മരുന്ന് ലഭിച്ചതിന്റെ രേഖകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. 14660 രൂപയുടെ മരുന്ന് ലഭിക്കുവാനുണ്ട്. മരുന്ന് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/17-10-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. മുഴുവൻ മരുന്നും ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-27 പി.എച്ച്.സി ക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനായി അടിസ്ഥാന സൗകര്യം ഒരുക്കൽ- രേഖകൾ ഹാജരാക്കിയിട്ടില്ല-₹5,31,719 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്റ്റിന്റെ നമ്പർ/ പേര് | 103/22 പി.എച്ച്.സി ക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനായി<br>അടിസ്ഥാന സൗകര്യം ഒരുക്കൽ |
| അടങ്കൽ | ₹5,32,000 മെയ്ന്റനൻസ് ഗ്രാന്റ്-നോൺ റോഡ് |
| ചെലവ് | ₹5,31,719<br>21220552013301408987/22-03-2022 |

മുഴക്കുന്ന് പി.എച്ച്.സി ക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ഫർണിച്ചർ വാങ്ങുന്നതിനായി ഇൻവോയ്സ് നമ്പർ RHW/21-22/472/15-03-2022 പ്രകാരം റബ്കോവിനാണ് തുക നൽകിയത് . എന്നാൽ ഫർണിച്ചർ സ്റ്റോക്ക് റജിസ്റ്ററിൽ ചേർത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഫർണിച്ചർ സ്ഥാപിച്ചതിന്റെ രേഖകളും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.17/17-10-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹5,31,719 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 മുഴക്കുന്ന് പി.എച്ച്.സിയിൽ കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - രേഖകൾ ഹാജരാക്കിയിട്ടില്ല -₹24,293 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്റ്റിന്റെ നമ്പർ/ പേര് | 210/22 മുഴക്കുന്ന് പി.എച്ച്.സിയിൽ കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ |
| അടങ്കൽ | ₹76647 മെയ്ന്റനൻസ് ഗ്രാന്റ്-നോൺ റോഡ് |
| ചെലവ് | ₹24,293<br>21220552013301203800/25-02-2022 |

മുഴക്കുന്ന് പി.എച്ച്.സി ക്ക് പ്രിന്റർ വാങ്ങുന്നതിനായി ഇൻവോയ്സ് നമ്പർ EBS/1745/21-22/05-02-2022 പ്രകാരം എക്സൽ ബിസിനസ് സിസ്റ്റം എന്ന സ്ഥാപനത്തിനാണ് തുക നൽകിയത്. എന്നാൽ പ്രിന്റർ സ്റ്റോക്ക് റജിസ്റ്ററിൽ ചേർത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രിന്റർ ലഭിച്ചതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/17-10-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹24,293 തടസ്സപ്പെടുത്തുന്നു.

## 1-29 പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ - രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്റ്റിന്റെ നമ്പർ/ പേര് | 104/22 പി.എച്ച്.സിക്ക് മരുന്ന വാങ്ങൽ |
| അടങ്കൽ | ₹500000മെയിന്റനൻസ്ഗ്രാന്റ്(നോൺ റോഡ്) |
| ചെലവ് | ₹499837 |

മുകളിൽ കൊടുത്ത ചെലവ് തുകയിൽ 83397 രൂപ(19/10-08-2021),88440 രൂപ (58/12-10-2021) എന്നിങ്ങനെ ജൻഔഷധി കേന്ദ്രക്ക് നൽകിയ തുകയുടെ രേഖകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ . ₹328000 രൂപയുടെ പ്രഫോർമ ഇൻവോയ്സ്, ഇൻവോയ്സ്,മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/17-10-2022)

മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-30 ഗവ.ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 100/22 മുഴക്കുന്ന് ഗവ. ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹400000 മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് | ₹400000 ബിൽ നമ്പർ : 13/24-07-2021 |

കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ് തുക നൽകിയത്. എന്നാൽ എൽ.എഫ്.268/04-07-2022 പ്രകാരം ₹ 164423 ന്റെ മരുന്ന് ലഭിച്ചതിന്റ രേഖകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ.₹235577 മരുന്ന് ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.04/13-10-2022) നൽകിയ മറുപടിയിൽ മരുന്നുകൾ ലഭിക്കുന്ന മുറക്ക് പഞ്ചായത്തിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-31 ഗവ:സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങൽ -ടെണ്ടർ നിരക്കിലും അധികം നൽകി-₹4,000 നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്റ്റ് നം / പേര് | മുഴക്കുന്ന് വിളക്കോട് ഗവ:സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങൽ<br>76/22 |
| അടങ്കൽ | 4,00,000 വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | 4,00,000 |
| ബിൽ നം &തീയതി | 2122055201690113883З/14.2.2022-4,00,000 |

മുഴക്കുന്ന്, വിളക്കോട് ഗവ:സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങൽ പദ്ധതിയിൽ 23 ഡസ്ക്, 22ബെഞ്ച്, 25 കമ്പയിൻഡ് ബെഞ്ച്ഡസ്ക് എന്നിവ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് നൽകിയ കേരളആർട്ടിസൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ടെണ്ടർ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇൻവോയിസിൽ ടെണ്ടറിലെ നിരക്കിലും കൂടുതലാണ് തുക ഈടാക്കിയിരിക്കുന്നത് .വിശദവിവരം താഴെ കൊടുക്കുന്നു

| ഇനം | ടെണ്ടർ നിരക്ക് | ഇൻവോയിസ് നിരക്ക്(No-NRO/SALES /548/11.2.2022 | വ്യത്യാസം | ടെണ്ടർ നിരക്കിനനുസരിച്ച് നൽകേണ്ടത് | ഇൻവോയിസ് പ്രകാരം നൽകിയത് |
|---|---|---|---|---|---|
| ഡസ്ക് | 4475 | 4488 | 13 | 102925 | 103224 |
| ബെഞ്ച് | 3975 | 4240 | 265 | 87450 | 93,280 |
| കമ്പയിൻഡ് ബെഞ്ച്ഡസ്ക് | 8225 | 8245 | 20 | 205625 | 206125 |
| ആകെ | | | | 3,96,000 | 402269 |
| കാഷ് ഡിസ്കൗണ്ട് | | | | | 2228 |

| | |
|---|---|
| ആകെ നൽകിയത് | 400401 (4,00,000ൽ ലിമിറ്റ് ചെയ്തു) |

അധിക തുക ₹ 4,000നൽകിയത് തിരിച്ചടക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (6/ 13.10.2022) മറുപടി നൽകിയിട്ടുണ്ട് .

## 1-32 പാചകത്തിനുള്ള പാത്രങ്ങൾ വാങ്ങൽ- ജി എസ് ടി -ടി ഡി എസ് ഒടുക്കാത്തതും നിർവ്വഹണത്തിലെ അപാകങ്ങളും

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നം / പേര് | വിളക്കോട്, മുഴക്കുന്ന് ഗവ: സ്കൂളുകൾക്ക് പാചകത്തിനുള്ള പാത്രങ്ങൾ വാങ്ങൽ-74/22 |
| അടങ്കൽ | 4,00,000 (മെയിന്റൻസ് റോഡിതരം ) |
| ചെലവ് | 4,00,000 |
| ബിൽ നം &തീയതി | 21220552016901358830 Dt 17.3.2022 |

വിളക്കോട് മുഴക്കുന്ന് ഗവ: സ്കൂളുകൾക്ക് പാചകത്തിനുള്ള പാത്രങ്ങൾ വാങ്ങൽ പദ്ധതിയ്ക്കായി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് നൽകിയ 'സിയ സൂപ്പർഷോപ്പ് കാക്കയങ്ങാട്' എന്ന സ്ഥാപനത്തെ തിരഞ്ഞെടുക്കുകയും (ഭരണസമിതി തീരുമാന നം 1/32(22)(3) Dt 14.2.2022) പാത്രങ്ങൾ വാങ്ങിച്ച വകയിൽ മേൽ തുക ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ പറയുന്ന

1- സിയ സൂപ്പർഷോപ്പ് കാക്കയങ്ങാട് ,നിർവ്വഹണ ഉദ്യോഗസ്ഥനുമായി പ്രാരംഭ കരാർ മാത്രമേ ചമച്ചിട്ടുള്ളു

2- 3 സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്ത് ,14 ഇനം ഫർണ്ണിച്ചറുകളുടെ (വിവിധ അളവുകളിലും തരത്തിലുമുള്ള) നിരക്ക് ലഭ്യമാക്കിയിട്ടുണ്ട് .ഇവ താരതമ്യം ചെയ്യുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ ടെണ്ടർ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല .

4-ടെണ്ടർ സ്പെസിഫിക്കേഷൻ സ്റ്റേറ്റ്മെന്റിൽ (A2/5823 Dt18.11.2021 )വാങ്ങിക്കേണ്ട പാചകപാത്രങ്ങളുടെ ലിസ്റ്റിൽ ഉരുളി ഉൾപ്പെട്ടിട്ടില്ല.അതിനാൽ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ടെണ്ടറിൽ ഉരുളി ഉൾപ്പെടുത്തിയിട്ടില്ല .എന്നാൽ ഇൻവോയിസ് പ്രകാരം ( No-1095,1096 Dt 16.3.2022)ഉരുളി വാങ്ങിച്ചിട്ടുണ്ട്. അതിനാൽ ഉരുളിയുടെ വില ടെണ്ടറിൽ പങ്കെടുത്ത മറ്റ് സ്ഥാപനങ്ങളുമായി താരതമ്യം ചെയ്യാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല .
5-വാങ്ങിച്ച പാത്രങ്ങളുടെ എണ്ണം രേഖപ്പെടുത്താതെയാണ് സ്റ്റോക്കിലെടുത്തത്

6- സിയ സൂപ്പർഷോപ്പ് Composition Tax Payer ആയതിനാൽ നേരിട്ട് ജി എസ് ടി അടച്ചിട്ടുണ്ട്. എന്നാൽ 2% ജി.എസ്.ടി ടി.ഡി.എസ്സ് ഒടുക്കിയിട്ടില്ല (ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. )
മേൽ അപാകങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയോടൊപ്പം (7/14.10.22) ടെണ്ടർ ടാബുലേഷൻ സ്റ്റേറ്റ്മെന്റും, വാങ്ങിച്ച പാത്രങ്ങളുടെ എണ്ണം രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ മേധാവികൾ ആദ്യം ഉരുളിയ്ക്ക് അപേക്ഷിക്കാത്തതിനാലാണ് ടെണ്ടർ സ്പെസിഫിക്കേഷൻ സ്റ്റേറ്റ്മെന്റിൽ ഇത് ഉൾപ്പെടുത്താതെന്നും, പിന്നീട് അത്യാവശ്യം വേണ്ട പാത്രമാണ് എന്ന് അപേക്ഷിച്ചതിനാലാണ് ഉരുളി കൂടി വാങ്ങേണ്ടിവന്നതെന്നുമുള്ള മറുപടി നൽകിയത്. ഇത് സ്റ്റോർ പർച്ചേസ് ചട്ടങ്ങളുടെ ലംഘനമാണ്. 2% ജി.എസ്.ടി ടി.ഡി.എസ്സ് നേരിട്ട് ഒടുക്കി രശീതി ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതും, 2% ജി.എസ്.ടി, ടി.ഡി.എസ്സ് രശീതി ഹാജരാക്കേണ്ടതുമാണ്.

## 1-33 ലാപ് ടോപ്പ് വാങ്ങൽ അപാകങ്ങൾ

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിഭാഗത്തിൽപെട്ട കുട്ടികൾക്ക് ലാപ്ടോപ്പ്, പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട കുട്ടികൾക്ക് ലാപ്ടോപ്പ് വാങ്ങൽ പദ്ധതികൾക്കായി സർക്കാർ ഉത്തരവിനനുസരിച്ച്

ഉബുണ്ടു(version:20) ഓപ്പറേറ്റിംഗ് സിസ്റ്റം ഉള്ള ലാപ്ടോപ്പുകളാണ് വാങ്ങിക്കേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ഉള്ള ലാപ്ടോപ്പുകളാണ് വാങ്ങിച്ചത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ | |
|---|---|---|
| പ്രോജക്റ്റ് നം / പേര് | പട്ടികജാതി വിഭാഗത്തിൽപെട്ട കുട്ടികൾക്ക് ലാപ്ടോപ്പ് - 47/22 | പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട കുട്ടികൾക്ക് ലാപ്ടോപ്പ് 51/22 |
| അടങ്കൽ | 4,750 (വികസന ഫണ്ട് പൊതു വിഭാഗം - സാധാരണ വിഹിതം )<br>55,250( വികസന ഫണ്ട് എസ് സി പി ) | 30,000( വികസന ഫണ്ട് ടി എസ് പി ) |
| ചെലവ് | 55,250 | 30,000 |
| ബിൽ നം &തീയതി | 2122055201690147525O Dt 26.3.2022 | 2122055201690147523 5 Dt 26.3.2022 |

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട കുട്ടികൾക്ക് ലാപ്ടോപ്പ് വാങ്ങൽ പദ്ധതിയ്ക്കായി 3 ലാപ്ടോപ്പുകൾ സൗണ്ട് സൊലൂഷൻ,സിയോൺ വെസ്റ്റ്, മുംബൈ എന്ന സ്ഥാപനത്തിൽ നിന്നും ജെം മുഖേന വാങ്ങിച്ചിട്ടുണ്ട്. ജി ഒ(ആർടി)നം 482/2022/LSGD Dt 28.2.2022 പ്രകാരം ലാപ്പ്ടോപ്പുകൾ ജെം പോർട്ടൽ മുഖേന വാങ്ങിക്കാമെന്നും ഉത്തരവിന്റെ അനുബന്ധമായി വാങ്ങിക്കേണ്ട ലാപ്പ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ, തരം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഉബുണ്ടു(version:20) ഓപ്പറേറ്റിംഗ് സിസ്റ്റം ലാപ്ടോപ്പുകളാണ് വാങ്ങിക്കേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടിൽ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ലാപ്ടോപ്പുകളാണ് വാങ്ങിച്ചത്. സൗണ്ട് സൊലൂഷൻ,സിയോൺ വെസ്റ്റ്, മുംബൈ എന്ന സ്ഥാപനത്തിൽ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ലാപ്പ്ടോപ്പുകളേ ഉണ്ടായിരുന്നുള്ളൂ എന്നും ഉബുണ്ടു ഓപ്പറേറ്റിംഗ് സിസ്റ്റം ലഭ്യമാക്കുവാൻ കാലതാമസം വരുന്നതിനാലാണ് സമയ ബന്ധിതമായി വിതരണം ചെയ്യേണ്ടതിനാലാണ് വിപണിയിൽ ലഭ്യമായ ലാപ്ടോപ്പ് വാങ്ങിയതെന്ന മറുപടിയാണ് (9/14.10.22) ലഭ്യമാക്കിയത് . ലഭ്യമാക്കിയ മറുപടിയ്ക്ക് ആധാരമായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല . ഭാവിയിൽ സർക്കാർ ഉത്തരവ് പാലിച്ച് പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.

## 1-34 തുടർ വിദ്യാഭ്യാസം -സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടത്

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
|---|---|
| പ്രോജക്റ്റ് നം / പേര് | തുടർവിദ്യാഭ്യാസം 79/22 |
| അടങ്കൽ | 87,000 (വികസന ഫണ്ട് പൊതു വിഭാഗം-സാധാരണ വിഹിതം ) |
| ചെലവ് | 87,000 |
| ബിൽ നം &തീയതി | 2122055201690114268 5 Dt 16.2.2022 |

പത്താം തരം, പ്ലസ് വൺ, എന്നീ തുല്യത കോഴ്സ് ഫീ, രജിസ്ട്രേഷൻ ഫീ, അഡ്മിഷൻ ഫീ എന്നിവയ്ക്കായി ആകെ 87,000 ചെലവഴിച്ചിട്ടുണ്ട്.

| വിഭാഗം | കുട്ടികളുടെ എണ്ണം | തുക |
|---|---|---|
| പത്താം തരം | 20 | 37,000 |
| ഹയർ സെക്കണ്ടറി (പ്ലസ് വൺ) | 20 | 50,000 |

പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റേയും, പരീക്ഷ നടത്തിപ്പിന്റെയും, സർട്ടിഫിക്കറ്റുകൾ ലഭിച്ചതിന്റെയും സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/14.10.22) 9 കുട്ടികളുടെ പരീക്ഷ ഹാൾടിക്കറ്റ് പകർപ്പാണ് ഹാജരാക്കിയത്. പരീക്ഷാ ഫലം ലഭ്യമാകുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് ഹാജരാക്കി തുടർനടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-35 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-നിർവഹണത്തിലെ അപാകങ്ങൾ

31.03.12 ലെ സ ഉ (കൈ) 93/2012/തസ്വഭവ ഉത്തരവു പ്രകാരമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങേണ്ടതെന്ന് 15.12.17 ലെ സ ഉ (കൈ)നം 254/17/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങളും വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിക്കപ്പെട്ടിട്ടില്ല.വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. ജി.എസ്.ടി - ടിഡിഎസ് കുറവ് ചെയ്യാതെ മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാർക്ക് തുക നൽകുന്നത് ക്രമപ്രകാരമല്ല. 2017 ലെ ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം രണ്ടര ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്ന് 2% തുക ജി എസ് ടി ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി എസ് ടി വകുപ്പിൽ ഒടുക്ക് വരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.7.2019 ലെ 957/ഇ ജി എസ് - സി /16/ആർ ഇ ജി എസ് നമ്പർ സർക്കുലർ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ സാമ്പത്തിക ഇടപാടുകൾ ഓൺലൈനായി നടത്തുന്ന എം ഐ എസി ൽ ജി എസ് റ്റി ഉറവിടത്തിൽ തന്നെ കുറവ് ചെയ്യുന്നതിന് നിലവിൽ സൗകര്യമേർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ജി എസ് റ്റി - റ്റി ഡി എസ് തുക വെണ്ടർ/ സപ്ലൈയർ നേരിട്ട് ഗ്രാമപഞ്ചായത്തിൽ ഒടുക്കുമെന്ന് ഉറപ്പ് വരുത്തിയാണ് ബിൽ തുക അനുവദിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ 2,50,000/-രൂപയോ അതിന് മുകളിലോ വരുന്ന പ്രവൃത്തികൾക്ക് തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം വെണ്ടർ/സപ്ലൈയർമാരിൽ നിന്ന് അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്താതെയാണ് ബിൽ തുക അനുവദിച്ചത്.

ഉദാഹരണം: മൂടക്കോഴി സ്കൂൾ പുതിയ പുരയിൽ പുനിയാനം റോഡ് കോൺക്രീറ്റ്

മെറ്റീരിയൽ ചെലവ് 270347രൂപ പ്രവർത്തിക്ക് മെറ്റീരിയൽ വിതരണം ചെയ്ത ശ്രീ ബിൻസ് ജോയ് സെന്റ് മേരീസ് കൺസ്ട്രക്ഷൻ കോളയാട് എന്നയാൾക്ക് നൽകിയിട്ടുണ്ട്. എഫ് ടി ഒ നമ്പർ/തീയതി: 390278/2708-2021 തുക : 270347 അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്താതെ വെണ്ടർ/ സപ്ലൈയർമാർക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. കരാറുകാരിൽ നിന്നും ജി എസ് ടി ഈടാക്കേണ്ടതും തുക ജി എസ് ടി വകുപ്പിൽ ഒടുക്കു വരുത്തേണ്ടതുമാണ്.

## 1-36 ആസ്തി പരിപാലനം

പഞ്ചായത്ത് ഡയറക്ടറുടെ 08.11.2018ലെ സി 2-15471/18 സർക്കുലറിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറും പ്രസിഡൻറ്/വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ആസ്തി പരിപാലനകമ്മിറ്റി രൂപീകരിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള പുഴകൾ,തോടുകൾ എന്നിവയുടെ അതിർത്തി റീ-സർവേ നടത്തി തിട്ടപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസർക്ക് കത്ത് നൽകേണ്ടതും റീ-സർവെ റിപ്പോർട്ട് ലഭ്യമാക്കി അതിന്റെ അടിസ്ഥാനത്തിൽ പുറമ്പോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതും കൈയ്യേറ്റങ്ങളുണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഓൺലൈൻ വിദ്യാസഹായി-കാര്യകാരണസഹിതമുള്ള റിപ്പോർട്ട് രേഖപ്പെടുത്താതെ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചു. ₹9950 നിരാകരിക്കുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 138/22 ഓൺലൈൻ വിദ്യാസഹായി-ഇലക്ട്രിക്ക് കണക്ഷനം കേബിൾ കണക്ഷനം(സ്പിൽ ഓവർ) |
| അടങ്കൽ | 100000 |
| ചെലവ് | 99950 |
| ബിൽ നം. , തീയതി & തുക | ചെക്ക് നമ്പർ263508,31.3.2022 |

മേൽ പ്രോജക്ട് പ്രകാരം 21 അംഗനവാടികളിലും പാല സാംസ്കാരിക നിലയം, ഉണ്ടിക സാംസ്കാരിക നിലയം,നെല്യാട് ബദൽ സ്കൂൾ,ചാക്കാട് കോളനി, വിളക്കോട് സാംസ്കാരിക നിലയം, എന്നിവടങ്ങളിൽ കേബിൾ കണക്ഷൻ നൽകുന്നതിന് വേണ്ടിയാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ട് നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ 2 ടെണ്ടർ ലഭിക്കുകയും അതിൽ എറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് സമീർ സുലൈമാൻ ,ശ്രീവിഷൻ കേബിൾ എന്ന കരാറുകാരനാണ്(10%below Estimate).എന്നാൽ ഭരണസമിതിയുടെ 6.2.21ലെ 1/238/21(2) നമ്പർ തീരുമാനം പ്രകാരം ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത പ്രമോദ് .കെ , Hi Vision Cable (Estimate Rate₹100000) എന്ന കരാറുകാരന്റെ ടെണ്ടറാണ് അംഗീകരിച്ചിരിക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(29/18-10-2022) കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സമീർ സുലൈമാൻ എന്ന കരാറുകാരന് ജി എസ് ടി രജിസ്ട്രേഷൻ ഇല്ലാത്തത് കാരണമാണ് ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത പ്രമോദ് .കെ യുടെ ടെണ്ടർ അംഗീകരിച്ചതെന്നും കൂടാതെ കോവിഡ് പശ്ചാത്തലത്തിൽ അംഗനവാടികളിൽ ഓൺലൈൻ ക്ലാസുകൾ ആരംഭിച്ച സാഹചര്യത്തിൽ റീടെണ്ടർ ക്ഷണിക്കുന്നതിന് മതിയായ സമയം ലഭിക്കാത്തതുമാണ് ഇപ്രകാരം ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചത് എന്നാണ് മറുപടിയിൽ അറിയിച്ചത്. എന്നാൽ ഈ മറുപടി സാധൂകരിക്കുന്ന തെളിവുകളൊന്നും ലഭിച്ചിട്ടില്ല . പ്രസക്തമായ കാരണങ്ങൾ രേഖപ്പെടുത്തി, കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരാകരിക്കാനും തൊട്ടടുത്ത ടെണ്ടർ സ്വീകരിക്കാനും ഭരണ സമിതിയ്ക്ക് അധികാരമുണ്ട്. എന്നാൽ ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനത്തിൽ ഈ കാര്യം രേഖപ്പെടുത്തിയിട്ടില്ല . സ.ഉ (പി) നം. 259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകളും പാലിക്കാതെയാണ് പർച്ചേസ് നടത്തിയിട്ടുള്ളത്. ടെണ്ടർ നടപടിക്രമങ്ങളിൽ ഉണ്ടായ വീഴ്ച മൂലമാണ് 9950 രൂപ അധികം നൽകാൻ ഇടയായത്. യഥാസമയം നടപടികൾ കൈകൊള്ളുന്നതിലെ വീഴ്ചമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ₹ 9950 നിരാകരിക്കുന്നു. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 ഗവ:സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങൽ -ടെണ്ടർ നിരക്കിലും അധികം നൽകി-₹4,000 നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നം / പേര് | മുഴക്കുന്ന് വിളക്കോട് ഗവ:സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങൽ<br>76/22 |
| അടങ്കൽ | 4,00,000 വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | 4,00,000 |
| ബിൽ നം &തീയതി | 2122055201690113883З/14.2.2022-4,00,000 |

മുഴക്കുന്ന്, വിളക്കോട് ഗവ:സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങൽ പദ്ധതിയിൽ 23 ഡസ്ക്, 22ബെഞ്ച്, 25 കമ്പയിൻഡ് ബെഞ്ച്ഡസ്ക് എന്നിവ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് നൽകിയ കേരളആർട്ടിസൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ടെണ്ടർ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇൻവോയിസിൽ ടെണ്ടറിലെ നിരക്കിലും കൂടുതലാണ് തുക ഈടാക്കിയിരിക്കുന്നത് .വിശദവിവരം താഴെ കൊടുക്കുന്നു

| ഇനം | ടെണ്ടർ നിരക്ക് | ഇൻവോയിസ് നിരക്ക്(No-NRO/SALES /548/11.2.2022 | വ്യത്യാസം | ടെണ്ടർ നിരക്കിനനുസരിച്ച് നൽകേണ്ടത് | ഇൻവോയിസ് പ്രകാരം നൽകിയത് |
|---|---|---|---|---|---|
| ഡസ്ക് | 4475 | 4488 | 13 | 102925 | 103224 |
| ബെഞ്ച് | 3975 | 4240 | 265 | 87450 | 93,280 |
| കമ്പയിൻഡ് ബെഞ്ച്ഡസ്ക് | 8225 | 8245 | 20 | 205625 | 206125 |
| ആകെ | | | | 3,96,000 | 402269 |
| കാഷ് ഡിസ്കൗണ്ട് | | | | | 2228 |
| ആകെ നൽകിയത് | | | | | 400401 (4,00,000ൽ ലിമിറ്റ് ചെയ്തു) |

അധിക തുക ₹ 4,000നൽകിയത് തിരിച്ചടക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (6/ 13.10.2022) മറുപടി നൽകിയിട്ടുണ്ട് .

## 3-3 വയോജന വിശ്രമകേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ രേഖകൾ ഹാജരാക്കാത്തത്- ₹4772 നിരാകരിക്കുന്നു. ₹66481 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം / പേര് | വയോജന വിശ്രമകേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യം -11/22 |
| അടങ്കൽ | 75,000( വികസന ഫണ്ട്- ജനറൽ ) |
| ചെലവ് | 71,253 |
| ബിൽ നം &തീയതി | 21220552013501425278 Dt 23.3.2022 |

വയോജന വിശ്രമകേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ പദ്ധതിയ്ക്ക് വേണ്ടി സ്റ്റീൽ കാബിനെറ്റ്, സ്റ്റീൽ റാക്ക്, വിസിറ്റേഴ്സ് ചെയർ എന്നിവ വാങ്ങിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ച് മൂന്ന് ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട്. റോയൽ

ഏജൻസിയ്ക്കാണ് തുക നൽകിയിരിയ്ക്കുന്നത്. പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ പറയുന്നു.
1- ടെണ്ടർ ഷെഡ്യൂളിനോടൊപ്പം നൽകുന്ന, ലഭ്യമാക്കേണ്ട ഫർണ്ണിച്ചറുകളുടെ ടെണ്ടർ ഇനം സ്പെസിഫിക്കേഷൻ എന്നിവ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല
2- റോയൽ ഏജൻസി സമർപ്പിച്ച ടെണ്ടറിൽ സ്റ്റീൽ കാബിനറ്റിന്റെ ഇനം ,തരം ,നിരക്ക് എന്നിവ മാത്രമേ ഉള്ളൂ. ബാക്കി ഇനങ്ങളായ റാക്ക്,ചെയർ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല . പൂർണ്ണമായ ടെണ്ടർ ഹാജരാക്കിയിട്ടില്ല
3- 3 കരാറുകാരുടേയും എല്ലാ ഇനങ്ങളും,സ്പെസിഫിക്കേഷനും ഉൾപ്പെടുത്തിയിട്ടുള്ള താരതമ്യ പത്രിക തയ്യാറാക്കിയിട്ടില്ല
4-റോയൽ ഏജൻസിയുടെ ഇൻവോയിസിൽ സ്റ്റീൽ കാബിനറ്റ് നിരക്ക് 8537+18% GST=10074 ആണ്. എന്നാൽ ടെണ്ടറിൽ ഇതിലും കുറഞ്ഞ നിരക്കുകളാണ് ഉള്ളത് . (അംഗീകരിച്ച നിരക്ക് ഏതാണെന്ന് വ്യക്തമല്ല )

| ഇനം | ടെണ്ടർ നിരക്ക് | ഇൻവോയിസ് നിരക്ക്(Royal /21-22/03/dt 22.3.22)- | വ്യത്യാസം | ആകെ അധികം നൽകിയത് |
|---|---|---|---|---|
| സ്റ്റീൽ കാബിനറ്റ് | 7688 | 8537+18% GST=10074 | 2386 | 2എണ്ണം * 2386=4772 |

ഇപ്രകാരം മറ്റ് ഇനങ്ങൾക്കും അധിക തുക നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ് ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (30/18/10/22) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയിട്ടില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹ 4772 നിരാകരിക്കുന്നു. ₹ 66481 തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 15.10.2022 | നം. കെ.എസ്.എ/കെ.എൻ.ആർ. /സി.11/1494/2022 തീയതി: 18.01.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | ലഭിച്ച വർഷം | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 10,00,000 | 2021-22 | വിളക്കോട് ഗവ യു പി സ്കൂളിന് സ്ഥലം വാങ്ങൽ-197/22 | 1000000 | |
| | 167250 | 2021-22 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ബത്ത സ്കോളർഷിപ്പ്-14/22 | 167250 | |
| | മുന്നിരിപ്പുള്ള തുക (484578) | 2021-22 | കഴകപ്പാലം അംഗൻവാടി കെട്ടിട | 450000 | |

| | | | | | |
|---|---|---|---|---|---|
| | | | നിർമ്മാണം 52/22 | | |
| | 2,00,000 | 2021-22 | ക്ഷീര കർഷകർക്ക് പാൽ ഉൽപാദന ഇൻസെന്റീവ് -209/22 | 2,00,000 | |
| | 2,00,000 | 2021-22 | വനിതാ ഗ്രൂപ്പുകൾക്ക് ഇടവിള കൃഷി(ട്യൂബർ കിറ്റ്) വിതരണം-195/22 | 200000 | |
| | 28960 | 2021-22 | സുഭിക്ഷ കേരളം പച്ചക്കറിക്കൃഷി വികസനം-34/22 | 28960 | |
| ആകെ | 15,96,210 | | | 2046210 | |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2,00,000 | 2021-22 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ബത്ത സ്കോളർഷിപ്പ്-14/22 | 167250 | 32,750 |
| | 1,00,000 | 2021-22 | 193/22 സ്വാന്തന പരിചരണം | 99,805 | 195 |
| | 29456+170547+99997 =3,00,000 | 2021-22 | സ്വാന്തന പരിചരണം99/22 | 299453 | 547 |
| | 2,50,000 | 2021-22 | വനിതാ ഗ്രൂപ്പുകൾക്ക് ഇടവിള കൃഷി(ട്യൂബർ കിറ്റ്) വിതരണം-195/22 | 2,50,000 | 0 |
| | 108995 | 2021-22 | വീട്ടുവളപ്പിലെ (പടുതാമൺ) മത്സ്യകൃഷി-181/22 | 108995 | 0 |
| | 145976 | 2021-22 | ബയോഫ്ലോക്ക് മത്സ്യകൃഷി-182/22 | 145976 | 0 |
| | 30,000 | 2021-22 | സുഭിക്ഷ കേരളം തരിശുനില കൃഷി-പച്ചക്കറി-61/22 | 30000 | 0 |
| | 1,00,000- | 2021-22 | സുഭിക്ഷ കേരളം പച്ചക്കറിക്കൃഷി വികസനം-39/22 | 100000 | 0 |
| | 360000+80000= 4,40,000 | 2021-22 | ലൈഫ്മിഷൻ - പദ്ധതി ഭവനനിർമ്മാണം ജനറൽ-164/22 | 440000 | |
| | 148050 | 2021-22 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ബത്ത സ്കോളർഷിപ്പ്39/22 | 148050 | |

| | | | | | |
|---|---|---|---|---|---|
| | 801425 | 2021-22 | ലൈഫ് ഭവന നിർമ്മാണം അഡീഷണൽ ലിസ്റ്റ് (ST)54/22 | 801425 | |
| | 7,00,000 | 2021-22 | ലൈഫ് മിഷൻ മൂന്നാം ഘട്ടം ഭവന നിർമ്മാണം ജനറൽ60/22 | 7,00,000 | |
| | 3,00,000 | 2021-22 | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ-183/22 | 3,00,000 | |
| | 50,000 | 2021-22 | ആശ്രയകുടുംബത്തിന് ഭവന നവീകരണം -168/22 | 50,000 | |
| | 74,000 | 2021-22 | ക്ഷീര കർഷകർക്ക് പാൽ ഉൽപാദന ഇൻസെന്റീവ് | 74000 | |
| ആകെ | 3748446 | 2021-22 | | 3714954 | 33492 (തിരിച്ചടച്ചു) |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം വിനിയോഗിക്കാൻ ബാക്കിയുള്ള തുക 34,578 & ജില്ലാ പഞ്ചായത്ത് വിഹിതം 9,67419 ചെലവഴിക്കാൻ സാധ്യതയില്ലെങ്കിൽ തിരിച്ചടക്കേണ്ടതാണ്.(ജില്ലാ പഞ്ചായത്ത് മുന്നിരിപ്പിൽ യഥാർത്ഥത്തിൽ ₹ 1,417,419.00 ഇല്ല .2019-20ൽ 4,50,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം തെറ്റായി ക്രഡിറ്റ് ചെയ്തു പോയതാണ് . ആയത് ഈ വർഷം ലഡ്ജർ ഇട്ട് 9,67,419 നീക്കിയിരിപ്പാക്കി ശരിയാക്കിയിട്ടുണ്ട് )

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ബിൽ നം. & തീയതി | വിനിയോഗിച്ച തുക | ബാക്കി |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | പഞ്ചായത്ത് പൊതു ശ്മശാനത്തിന് കുഴൽ കിണർ നിർമ്മാണം -111/22 | 84,000 | 58/14.02.2022 | 38,585 | 45,415 |

ബാക്കി തുക 45,415 ഭൂജല വകുപ്പ് തിരിച്ചടച്ചെങ്കിലും തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പതിരിച്ചടവ്

| വായ്പഇനം | ലഭിച്ചതുക | ഉത്തരവ് | മുൻവർഷാരംഭത്തിൽതിരിച്ചടക്കാൻഉണ്ടായതുക | ഒടുക്കിയ തുക | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഹഡ്കോ | 17220000 | ഹഡ്കോ. എൽ. എഫ്/511 /2018/1-1-2019 | 1,45,14,176 | 13,20,000 | | 1,31,94,176 |

2020-21 വർഷം ജി.ഒ പ്രോജക്ട് തിരിച്ചടച്ചത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താത്തതിനാൽ, മുന്നിരിപ്പിലുള്ള വ്യത്യാസം പരിഹരിച്ച് ഈ വർഷം വായ്പ /വായ്പ തിരിച്ചടവ് കൃത്യമാക്കിയിട്ടുണ്ട്

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽഉണ്ടായിരുന്നസ്ഥിരനിക്ഷേപം | 5861702 |
| തൻവർഷംനിക്ഷേപിച്ചതുക | 3,94,652 |
| ആകെ | 6256354 |
| തന്നാണ്ടിൽപിൻവലിച്ചതുക | 0 |
| വർഷാവസാനംഅവശേഷിക്കുന്നസ്ഥിരനിക്ഷേപം | 6256354 |

വർഷാവസാനംഅവശേഷിക്കുന്നസ്ഥിരനിക്ഷേപങ്ങളുടെവിവരം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെപേര് (ബാങ്ക് /ട്രഷറി /പോസ്റ്റ്ഓഫീസ്) | നിക്ഷേപിച്ച തിയ്യതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| | പേരാവൂർ റീജിയണൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, കാക്കയങ്ങാട് ബ്രാഞ്ച് FD നമ്പർ 104140010004774/30-3-2019 | 31.3.2019 | 366 Days (7% പലിശ) | 62,41,344 | 0 |
| | മലബാർ ടൂറിസം ഡവലപ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 4479/29-9-2015 | | | 10000 | |
| | മലബാർ ടൂറിസം ഡവലപ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ( ഷെയർ *സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല) | | | 5010 | |

ഷെയർ *സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടപ്പോൾ, മലബാർ ടൂറിസം ഡവലപ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ ₹ 5000 ഷെയർ സർട്ടിഫിക്കറ്റ് പ്രിഫറൻസ് ഷെയറായി 4.7.2015നം , 25.9.2015ന് വീണ്ടും ₹5000 യുടെ ഷെയർ കൂടി ആകെ ₹ 10,000യുടെ ഷെയർ സർട്ടിഫിക്കറ്റ് മാത്രമാണ് എടുക്കുകയാണുണ്ടായതെന്നും അതിനാൽ 5010-ന്റെ സർട്ടിഫിക്കറ്റ് ഇല്ലാ എന്നാണ് മറുപടി നൽകിയത്. ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തി 2022-23വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ B-12 ഷെഡ്യൂൾ കൃത്യമാക്കേണ്ടതാണ്

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2021-22 വർഷം ലഭിച്ച തുക ₹ 93,004 വിവരങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2018-19 | 1-28 | 10500 | അസിസ്റ്റന്റ് എഞ്ചിനീയർ, | 121060101526 Dt 10.9.2021 |

| | | | | |
|---|---|---|---|---|
| | | | എൽഐഡി ആൻറ് ഇ ഡബ്ള്യ | |
| 2018-19 | 1-34 | 962 | അസിസ്റ്റന്റ് എഞ്ചിനീയർ | 121060102559 Dt 8.11.2021 |
| 2018-19 | 1-28 | 3000 | അസിസ്റ്റന്റ് എഞ്ചിനീയർ | 121060102523dt 8.11.2021 |
| 2018-19 | 1-24 | 1992 | പ്രബോഷ് സി | 121060101636 Dt 17.9.2021 |
| 2015-16 | 3-7 | 1990 | അസിസ്റ്റന്റ് എഞ്ചിനീയർ | 121060102608 Dt 9.11.2021 |
| 2018-19 | 1-12 | 1440 | മാർസ് റസ്റ്റോറൻറ് | 121060102618 Dt 9.11.2021 |
| 2018-19 | 1-12 | 1800 | ബ്രോഡ്ബീൻ | 121060102586 Dt 9.11.2021 |
| 2018-19 | 1-12 | 720 | പി കെ ഇൻററലോക്ക് | 121060102599 Dt 9.11.2021 |
| 2016-17 | 3-15 | 65500 | അസിസ്റ്റന്റ് എഞ്ചിനീയർ | 121060106900 Dt 8.3.2022 |
| 2018-19 | 1-12 | 1800 | മാനേജർ, സജി ടിമ്പേഴ്സ് | 121060102641 Dt 10.11.2021 |
| 2018-19 | 1-12 | 1320 | സെക്രട്ടറി, ക്ഷീരോൽപ്പാദക സംഘം | 121060102631 Dt 10.11.2021 |
| 2018-19 | 1-12 | 1980 | സെക്രട്ടറി, ഇടത്തൊട്ടി ക്ഷീരോൽപ്പാദക സഹകരണ സംഘം | 121060103338 Dt 2.12.2021 |
| | ആകെ | 93004 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 12 | 2002-03 | 3.13.17 | സമഗ്ര വയൽ കൃഷി വികസനം സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. | പരാമർശം നിലനിൽക്കുന്നു |
| 2001-02 | 12 | 2003-04 | 3.13.17 | മാർഗ്ഗ നിർദ്ദേശ രേഖയിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി കമ്പ്യൂട്ടർ പരിശീലനം | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ്/സർചാർജ്നടപടിവഴിഈടാക്കിയതുകയുടെവിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,11,16,932.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,19,25,222.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18,722 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,80,622 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-18 | | 9950 | ശ്രീ.അനിൽ രാമകൃഷ്ണൻ (സെക്രട്ടറി ) |
| 1-20 | | 4772 | ശ്രീ.അനിൽ രാമകൃഷ്ണൻ (സെക്രട്ടറി ) |
| 1-31 | | 4,000 | ശ്രീമതി. ബീന.എൻ.എസ് (ഹെഡ്മിസ്ട്രസ്സ്) |
| | ആകെ | 18722 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 66,481 | ശ്രീ.അനിൽ രാമകൃഷ്ണൻ (സെക്രട്ടറി ) |
| 1-23 | 14,400 | ശ്രീ.ജോർജ്ജ് .കെ.ജെ.(കൃഷി ഓഫീസർ) |
| 1-26 | 43,729 | ഡോ.പ്രശാന്ത്.പി(മെഡിക്കൽ ഓഫീസർ-പി എച്ച് സി ) |
| 1-27 | 5,31,719 | ഡോ.പ്രശാന്ത്.പി(മെഡിക്കൽ ഓഫീസർ-പി എച്ച് സി ) |
| 1-28 | 24,293 | ഡോ.പ്രശാന്ത്.പി(മെഡിക്കൽ ഓഫീസർ-പി എച്ച് സി ) |
| ആകെ | 680622 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്,തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.അനിൽ രാമകൃഷ്ണൻ ( സെക്രട്ടറി ) | 3.10.2022മുതൽഅവധിയിൽ | മണാലി ഹൗസ്,ഐ ടിസിറോഡ്,കേളകം |
| ശ്രീമതി. ബീന.എൻ.എസ് (ഹെഡ്മിസ്ട്രസ്സ്) | റിട്ടയർ ചെയ്തു | പൈലി പറമ്പിൽ,മണത്തണ |
| ശ്രീ.ജോർജ്ജ് .കെ.ജെ.(കൃഷി ഓഫീസർ) | കൃഷി ഓഫീസർ,കൃഷി ഭവൻ,മുഴക്കുന്ന് | കുഞ്ഞാനയിൽ ഹൗസ്, പേരാവൂർ വഴി,കൊളക്കാട് (പി ഒ) |
| ഡോ.പ്രശാന്ത്.പി(മെഡിക്കൽ ഓഫീസർ-പി എച്ച് സി ) | മെഡിക്കൽ ഓഫീസർ, പി എച്ച് സി-മുഴക്കുന്ന് | പ്രിയ ഭവൻ,പയഞ്ചേരിമുക്ക്,നിയർ എസ് എം ഹോസ്പിറ്റൽ,ഇരിട്ടി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ./കെ.എൻ.ആർ./സി.11 /1429/2022 തീയതി: 13.10.2022 | 1 |
| 2007-08 | കെ.എസ്.എ./കെ.എൻ.ആർ./സി.11 /1429/2022 തീയതി: 13.10.2022 | 1 |
| 2008-09 | കെ.എസ്.എ./കെ.എൻ.ആർ./സി.11 /1429/2022 തീയതി: 13.10.2022 | 1 |
| 2010-11 2011-12 | കെ.എസ്.എ./കെ.എൻ.ആർ./സി.11 /1429/2022 തീയതി: 13.10.2022 | 3 |
| 2012-13 | കെ.എസ്.എ./കെ.എൻ.ആർ./സി.11 /1429/2022 തീയതി: 13.10.2022 | 3 |
| 2013-14 2014-15 | കെ.എസ്.എ./കെ.എൻ.ആർ./സി.11 /1429/2022 തീയതി: 13.10.2022 | 1 |
| 2016-17 | കെ.എസ്.എ./കെ.എൻ.ആർ./സി.11 /1429/2022 തീയതി: 13.10.2022 | 1 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.11/626/2022 തീയതി: 01.06.2022 | 31 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.11/627/2022 തീയതി: 01.06.2022 | 26 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂര്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

Muzhakkunnu Grama Panchayat RECEIPT & PAYMENT STATEMENT
For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 29201885.00 |
| Cash | Cash | RP-40(a) | 574083.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 834730.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 808129.00 |
| 150000000 | Sale & Hire Charges | RP-5 | 369113.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 39617519.00 |
| 171000000 | Interest Earned | RP-9 | 340482.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13121208.00 |
| 350000000 | Other Liabilities | RP-36 | 237697.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 83126.00 |
| 311000000 | Earmarked Funds | RP-29 | 52408.00 |
| 312000000 | Reserves | RP-30 | 7500.00 |
| 340000000 | Deposits Received | RP-34 | 175322.00 |
| 350000000 | Other Liabilities | RP-36 | 345062.00 |
| 410000000 | Fixed Assets | RP-38 | 9309.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5115327.00 |
| | Grand total | | 90892900.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3306807.00 |
| 220000000 | Administrative Expenses | RP-12 | 945820.00 |
| 230000000 | Operations & Maintenance | RP-13 | 1696868.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5214359.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 21259896.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1346258.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 705361.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 301391.00 |
| 255000000 | Maintenance Projects | RP-20 | 4266377.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 81821.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 500000.00 |
| 280000000 | Prior Period item | RP-26 | -76020.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2971214.00 |
| 350000000 | Other Liabilities | RP-36 | 8131920.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 3685.00 |
| 311000000 | Earmarked Funds | RP-29 | 37500.00 |
| 312000000 | Reserves | RP-30 | 7500.00 |
| 340000000 | Deposits Received | RP-34 | 586057.00 |
| 350000000 | Other Liabilities | RP-36 | 3295450.00 |
| 410000000 | Fixed Assets | RP-38 | 5117232.00 |
| 412000000 | Capital work in Progress | RP-40 | 845197.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 9617270.00 |
| 460000000 | Loans, Advances and Deposits | RP-47 | 1763259.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 18841956.00 |
| Cash | Cash | RP-40(b) | 125722.00 |
| | Grand Total | | 90892900.00 |

2.ഇൻകം& എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Muzhakkunnu Grama Panchayat INCOME & EXPENDITURE STATEMENT For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4797027.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 535887.00 |
| 140000000 | Fee & User Charges | I-4(b) | 1012279.00 |
| 150000000 | Sale & Hire Charges | I-5(b) | 384623.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 59850.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 156987908.00 |
| 170000000 | Income from Investments | I-7 | 394652.00 |
| 171000000 | Interest Earned | I-8 | 340482.00 |
| 180000000 | Other Income | I-9 | 193048.00 |
| | Total Income | | 164705756.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12407495.00 |
| 220000000 | Administrative Expenses | I-11(b) | 1173480.00 |
| 230000000 | Operations & Maintenance | I-12(b) | 1716586.00 |
| 240000000 | Interest & Finance Charges | I-13 | 3685.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7928122.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 53740137.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1346258.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 705361.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 73242191.00 |
| 255000000 | Maintenance Projects | I-14(e) | 4266377.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 90740.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 500000.00 |
| 270000000 | Provisions and Write off | I-16 | 9442.00 |
| 272000000 | Depreciation | I-17(a) | 5154284.00 |
| | Total Expenditure | | 162284158.00 |
| | Gross Surplus/ Deficit of income over Expenditure | | 2421598.00 |
| 280000000 | Prior Period Item | I-18 | 2402831.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 18767.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

3.ബാലൻസ് ഷീറ്റ്

| Muzhakkunnu Grama Panchayat BALANCE SHEET<br>For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 15070329.25 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 112576.00 |
| 312000000 | Reserves | B-3 | 69721457.00 |
| | Total Reserve & Surplus | | 84904362.25 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8770816.00 |
| | Total Grants, Contributions for Specific Purposes | | 8770816.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 13194176.00 |
| | Total Loans | | 13194176.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 476231.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 4743870.75 |
| | Total Current Liabilities and Provisions | | 5220101.75 |
| | TOTAL LIABILITIES | | 112089456.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 96146656.00 |
| 411000000 | Accumulated Depreciation | B-11 | -33299261.00 |
| 412000000 | Capital Work in Progress | B-11(a) | 54347.00 |
| | Total Fixed Assets | | 62901742.00 |

| | | | |
|---|---|---|---|
| | Investments | | |
| 420000000 | Investments-General Fund | B-12 | 6256354.00 |
| | Total Investments | | 6256354.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 9160032.00 |
| 440000000 | Pre-paid Expenses | B-16 | 13194176.00 |
| 450000000 | Cash and Bank Balance | B-17 | 18967678.00 |
| 460000000 | Loan, Advances and Deposits | B-18 | 1609474 |
| Total current Assets, Loan and Advances | | | 42931360 |
| Total Assets | | | 112089456 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ